# ഒരു നിമിഷം -ഒരു വാക്ക്

ജീവിത യാത്രയിൽ വഴി തെറ്റി പല വഴികളിലൂടെ അലഞ്ഞ് ലക്ഷ്യത്തിൽ എത്താതെ നിരാശനായി എന്തു തിരഞ്ഞെടുക്കണം-സത്യത്തിൽ ശരിയായ വഴിയേത് എന്നുള്ള അന്വേഷണത്തിലാണോ താങ്കൾ? അതോ ജീവിത പ്രശ്നങ്ങളാൽ വഴിയറിയാതെ ഉഴലുകയാണോ? നാശകരമായ കുഴിയിലും കുഴഞ്ഞ ചേറ്റിലും അകപ്പെട്ട് രക്ഷപെടാൻ കഴിയാതെ വിഷമിക്കുകയാണോ? രക്ഷപെടാൻ ഒരു വഴിയുമില്ല, മരണം മാത്രമാണ് ശരണം എന്നു കരുതുന്ന ഒരുവനാണോ നിങ്ങൾ? **എങ്കിൽ നിങ്ങൾക്കായിതാ ഒരു പുതുവഴി.**

വിശ്വസിച്ച് സമാധാനത്തോടെ, സന്തോഷത്തോടെ യാത്ര ചെയ്യാൻ കൊള്ളാവുന്ന ലക്ഷ്യത്തിലേക്കുള്ള ഏക വഴി തുടർന്നുള്ള വായനയിൽ നിങ്ങൾക്ക് കണ്ടെത്തുവാൻ കഴിയും. അതു നിങ്ങളെ രക്ഷയിലേക്ക് വഴി നടത്തും. പ്രകാശമാനമായ ഒരു ശുഭയാത്ര ആശംസിക്കുന്നു.

*ടി. എം. വർഗ്ഗീസ്*

---

Author : T.M. Varghese. © Reserved
Editing / Design : Titus Karthikappally. Mob: 9847232598

# എവിടേക്കാണ് യാത്ര?

അനുദിന ജീവിതത്തിൽ നാം പലരോട് ചോദിക്കുന്നതും പലരും നമ്മോടു ചോദിക്കുന്നതുമായ ഒരു ചോദ്യമാണിത്. വെറുമൊരു സ്നേഹപ്രകടനത്തിനപ്പുറം ഈ ചോദ്യത്തിന് പ്രസക്തിയൊന്നുമില്ല. എന്നാൽ മനുഷ്യജീവിതത്തെ സംബന്ധിച്ചിടത്തോളം ഈ ചോദ്യത്തിന് വളരെ പ്രാധാന്യമുണ്ട്. കാരണം, നാം എല്ലാവരും ഒരു യാത്രയിലാണ്. ശരിയായ നിലയിൽ പറഞ്ഞാൽ മനുഷ്യജീവിതം ഒരു യാത്രയാണ്. ജനനത്തോടെ ആരംഭിച്ച് മരണത്തോടെ അർദ്ധവിരാമം കുറിയ്ക്കുന്ന ഒരു യാത്ര. ദിവസേനയുള്ള നമ്മുടെ യാത്രകൾക്ക് ലക്ഷ്യമുണ്ടെങ്കിൽ ജീവിതമാകുന്ന വലിയ യാത്രയ്ക്കും കൃത്യമായ ഒരു ലക്ഷ്യം ഉണ്ടായിരിക്കേണ്ടതല്ലേ?

പഴയ കാലങ്ങളിൽ കാറുകളും ബസ്സുകളും തീവണ്ടികളും മറ്റു യാത്രാ സംവിധാനങ്ങളും അപൂർവ്വമായുള്ളപ്പോൾ മണിക്കൂറുകൾ നടന്ന് യാത്രചെയ്താണ് ഉദ്ദിഷ്ടസ്ഥാനത്ത് എത്തിയിരുന്നത്. വഴിയെപ്പറ്റി നല്ല തിട്ടമില്ലെങ്കിൽ പലരോടും ചോദിച്ചാണ് ലക്ഷ്യസ്ഥാനത്ത് എത്തുന്നത്. എന്നാൽ ഇന്നത്തെ ആധുനിക ലോകത്തിൽ മാപ്പ്, നാവിഗേഷൻ മുതലായ സംവിധാനത്തിന്റെ സഹായത്തോടെ ഉദ്ദിഷ്ടസ്ഥാനത്ത് എത്തിച്ചേരുവാൻ കഴിയുമെങ്കിലും പലർക്കും വഴി തെറ്റാറുണ്ടെന്നുള്ളതാണ് സത്യാവസ്ഥ. ജോലിയോടും പഠനത്തോടുമുള്ള ബന്ധത്തിൽ നാം ബസ്സിലും ട്രെയിനിലും ഒക്കെ ദൂരയാത്ര ചെയ്യാറുണ്ടല്ലോ. വഴി തെറ്റാതെ സുരക്ഷിതമായി എത്തേണ്ട സ്ഥാനത്ത് എത്തിച്ചേരുന്നതുവരെ യാത്ര ചെയ്യുന്നവരും വേണ്ടപ്പെട്ടവരും വിശേഷിച്ച് മാതാപിതാക്കൾ അസ്വസ്തരാണെന്നുള്ളത് എടുത്തു പറയേണ്ടതില്ലല്ലോ. ലക്ഷ്യസ്ഥാനത്ത് എത്തി എന്നുള്ള വിവരം

അറിഞ്ഞാൽ ആദ്യമായി അന്വേഷിക്കുന്നത് യാത്ര സുഖകരമായിരുന്നുവോ എന്നായിരിക്കും. മുകളിൽ പ്രസ്താവിച്ച പ്രകാരം സുഖകരമായ യാത്രചെയ്ത് ലക്ഷ്യസ്ഥാനത്ത് സുരക്ഷിതമായി എത്തുക എന്നതാണ് സകല മനുഷ്യരും ആഗ്രഹിക്കുന്നത്. യാത്രാമദ്ധ്യേ വഴി തെറ്റിപ്പോയാൽ ഉണ്ടാകാവുന്ന ഭവിഷത്തിനെക്കുറിച്ച് പ്രത്യേകിച്ച് പറയേണ്ടതില്ലല്ലോ? തെറ്റായ ബസ്സിലോ, ദിശയിലോ യാത്ര ചെയ്താൽ ഉണ്ടാകാവുന്ന ബുദ്ധിമുട്ടും ക്ലേശങ്ങളും അനവധിയാണ്. തെറ്റായ വഴിയിൽക്കൂടി യാത്ര ചെയ്തതിനാൽ ജീവാപായം സംഭവിച്ചിട്ടുള്ള അനേക സംഭവങ്ങൾ കേട്ടിട്ടുണ്ട്. പാശ്ചാത്യ രാജ്യങ്ങളിൽ അബദ്ധവശാൽ തെറ്റായ വഴിയിൽകൂടി യാത്ര ചെയ്യാതിരിപ്പാൻ മുന്നറിയിപ്പായി ഏകവഴി (one way), തെറ്റായ വഴി (wrong way), ഈ വഴിയിൽ പ്രവേശിക്കരുത് (Do not enter) എന്നിത്യാദി സൂചികകൾ (signs) റോഡുകളിൽ വച്ചിരിക്കുന്നത് കാണാവുന്നതാണ്. ഇതെല്ലാം സുരക്ഷിതമായ യാത്രയെയാണ് കാണിക്കുന്നത്. ഒരുവൻ തെറ്റായ വഴിയിൽകൂടിയാണു യാത്ര ചെയ്യുന്നതെന്നു ബോധ്യമായാൽ യാത്ര തുടരാതെ ശരിയായ വഴി ചോദിച്ചറിഞ്ഞ് നല്ല തിട്ടമായതിനുശേഷം യാത്ര തുടരും. സുബോധമുള്ളവർ ആരും തെറ്റായ വഴിയിൽ യാത്ര തുടരുകയില്ലല്ലോ? നാം യാത്ര ചെയ്യുന്ന വഴിയെക്കുറിച്ച് ബോധവാന്മാരായിരിക്കുക. നാം യാത്ര ചെയ്യുന്ന വഴിയുടെ അന്ത്യത്തെക്കുറിച്ച് നല്ല നിശ്ചയമുള്ളവരായിരിക്കുക.

മനുഷ്യൻ സഞ്ചരിക്കേണ്ട വഴികളെപ്പറ്റി വളരെ ലളിതമായും വിശദമായും വിശുദ്ധ വേദപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അവ കുറ്റമറ്റ വചനങ്ങളാണ്. അവ അനുസരിക്കുന്ന ഏതൊരുവനും യഥാർത്ഥ ലക്ഷ്യത്തിൽ എത്തിച്ചേരും. മനുഷ്യന് ഒരുവഴി ചൊവ്വായി തോന്നുന്നു, അതിന്റെ അവസാനമോ മരണവഴികളത്രേ എന്ന് ബൈബിൾ പറയുന്നു. മരണവഴിയിലൂടെ യാത്ര ചെയ്യാതെ ജീവനിലേക്കുള്ള വഴിയിൽ യാത്രചെയ്യാനാണ് ബൈബിൾ ആഹ്വാനം ചെയ്യുന്നത്. ആത്മമരണ

ത്തിൽനിന്നും അനശ്വരജീവനിലേക്ക് വഴിനടത്തുവാൻ കഴിവുള്ള ഒരു വഴികാട്ടിയെ ദൈവം നമുക്കായി നൽകിയിട്ടുണ്ട് എന്ന് വിശുദ്ധവേദപുസ്തകം വ്യക്തമാക്കുന്നു. അത് മറ്റാരുമല്ല, കർത്താവായ യേശുക്രിസ്തുവത്രേ. യഥാർത്ഥ ലക്ഷ്യത്തിൽ കൊണ്ടെത്തിക്കുന്ന ഏകവഴി കർത്താവായ യേശുക്രിസ്തു മാത്രമാണെന്ന് വേദപുസ്തകം വ്യക്തമാക്കുന്നു.

സ്വർഗ്ഗത്തിൽനിന്നും ഭൂമിയിലേക്ക് ഇറങ്ങിവന്ന ഏകവും പൂർണ്ണവുമായ അവതാരമാണ് യേശുക്രിസ്തു. ദൈവം ഏകനാകുന്നു (ആവർ. 6:4; 1 കൊരി. 8:6; യാക്കോ. 2:19). ഏകനായ ദൈവത്തിന്റെ ഏക അവതാരമാണ് യേശുക്രിസ്തു. അവൻ ഒരിക്കൽ പ്രത്യക്ഷനായി (എബ്രാ. 9:27). ദൈവത്തിന്റെ ഒന്നാമത്തേതും ഒടുവിലത്തേതുമായ അവതാരമാണ് യേശുക്രിസ്തു. ദൈവത്തെ അന്വേഷിച്ചലയുന്ന മനുഷ്യവർഗ്ഗത്തിന് അവർക്ക് ഗ്രഹിക്കാവുന്നതും ദർശിക്കാവുന്നതുമായവിധം ഭൗതിക ലോകത്തിൽ അവർക്കുതന്നെ വെളിപ്പെടുത്തുക എന്നുള്ളതാണ് അവതാരത്തിനുള്ള ഒരു ഉദ്ദേശം. നിയമലംഘനവും വിശ്വാസപാതകവും ചെയ്ത് പാപിയായി ഭവിച്ച് പാപത്തിന്റെ എല്ലാ തിക്തഫലങ്ങളും അനുഭവിക്കുവാൻ അർഹനായിതീർന്ന മനുഷ്യവർഗ്ഗത്തെ അവരുടെ പാപങ്ങൾക്ക് പരിഹാരം വരുത്തി രക്ഷിക്കുക എന്നതാണ് യേശുവിന്റെ അവതാരത്തിന്റെ പ്രധാന ഉദ്ദേശം.

“ഇതാ ഞാൻ വരുന്നു പുസ്തകച്ചുരുളിൽ എന്നെക്കുറിച്ച് എഴുതിയിരിക്കുന്നു”. ഇതാണ് ദൈവിക പ്രഖ്യാപനം (സങ്കീ. 40:6; എബ്രാ. 10:5). കാലത്തിന്റെ ഒരു ഘട്ടത്തിൽ താൻ മനുഷ്യരോട് കൂടി ആയിരിക്കും എന്ന് ദൈവം അരുളിച്ചെയ്തു. ഇമ്മാനുവേൽ (ദൈവം നമ്മോടുകൂടെ എന്നർത്ഥം) ആയിരിക്കുന്നതാണ് ആ കാലഘട്ടം.

മനുഷ്യാവതാരം ചെയ്ത ദൈവം; പ്രകാശത്തിൽ നിന്നുള്ള പ്രകാശം, സത്യദൈവത്തിൽ നിന്നുള്ള സത്യദൈവം, ജനിച്ചവ

നെങ്കിലും സൃഷ്ടിയല്ലാത്തവൻ, സാരാംശത്തിൽ പിതാവിനോട് ഏകത്വം ഉള്ളവൻ, സകലവും സൃഷ്ടിച്ചവൻ, മനുഷ്യർക്കും മാന വരക്ഷയ്ക്കും വേണ്ടി പരിശുദ്ധാത്മാവിനാൽ കന്യാമറിയത്തിൽ നിന്നും അവതരിച്ചവൻ, പാപം അറിയാത്തവൻ, പൊന്തിയോസ് പീലാത്തോസിന്റെ നാളുകളിൽ കഷ്ടതയും കുരിശുമരണവും ഏറ്റുവാങ്ങിയവൻ, കബറടക്കത്തിന്റെ മൂന്നാംനാൾ പുനരുത്ഥാനം ചെയ്തവൻ, സ്വർഗാരോഹണം ചെയ്ത് പിതാവാം ദൈവത്തിന്റെ വലതുഭാഗത്തിരിക്കുന്നവൻ, ജീവനുള്ളവരെയും മരിച്ചവരെയും വിധിപ്പാൻ വീണ്ടും വരുന്നവൻ.... **യേശുക്രിസ്തു.**

ബൈബിളിന് പുറത്ത് യേശുവിനെ പരാമർശിക്കുന്ന രേഖകളും ഇവിടെ പ്രസക്തമായി ഭവിക്കുന്നു. ടൈബീരിയസ് ചക്രവർത്തിയുടെ കീഴിൽ പൊന്തിയോസ് പീലാത്തോസ് യൂദാനാട് ഭരിച്ചകാലത്ത് യേശു വധിക്കപ്പെട്ടതായി ടാസിറ്റസ് രേഖപ്പെടുത്തിയിട്ടുണ്ട്. ക്രി.പി. 112-ൽ ഗവർണറായിരുന്ന പ്ളിനി (Pliny the Younger) ട്രാജൻ ചക്രവർത്തിക്ക് അയച്ച റിപ്പോർട്ടിലാണ് മറ്റൊരു പരാമർശം. ഇതിനെക്കാളൊക്കെ പ്രധാനം ജോസഫസ് എന്ന യഹൂദചരിത്രകാരന്റെ കുറിപ്പുകളാണ്. ഒരു യഹൂദപുരോഹിതന്റെ മകനായി ജനിച്ച്, പരീശനായി ജീവിച്ച പണ്ഡിതാഗ്രേസരനായിരുന്നു ജോസഫസ്. (രണ്ടാണ് മുഖ്യകൃതികൾ The Jewish War, The Antiquities of the Jews.) ജോസഫസ് രേഖപ്പെടുത്തിയ പല സംഗതികളും ആധുനിക ഗവേഷകരുടെ ഉത്ഖനനങ്ങൾ തെളിയിച്ചിട്ടുണ്ട്. ജോസഫസ് യേശുവിനെക്കുറിച്ച് പറയുന്നത് ഇങ്ങനെയാണ്; '...ഏതാണ്ട് ഈ കാലത്താണ് യേശു എന്ന വിവേകമതി ജീവിച്ചിരുന്നത്. പല അത്ഭുതങ്ങളും പ്രവർത്തിച്ചു. അനേകം യഹൂദരും യവനരും യേശുവിൽ ആകൃഷ്ടരായി. നമ്മുടെ നേതാക്കന്മാർ നടത്തിയ കുറ്റാരോപണത്തിന്റെ വെളിച്ചത്തിൽ പീലാത്തോസ് കുരിശുമരണത്തിന് വിധിച്ചു. എന്നാൽ ആദ്യം മുതൽ തന്നെ യേശുവിനെ സ്നേഹിച്ചിരുന്നവരുടെ താൽപ്പര്യം ഒട്ടും കുറഞ്ഞില്ല. യേശുവിനെ പിൻപറ്റുന്ന

വരുടെ ഒരു കൂട്ടമാണ് ക്രിസ്ത്യാനികൾ. അത്തരക്കാർ ഇപ്പോഴും ഉണ്ട്.' (രചനാകാലം ഏകദേശം ക്രി.പി. 90–95.)

വലിയ ഹേരോദിന്റെ മരണത്തിന് തൊട്ടുമുൻപാണ് യേശുവിന്റെ ജനനം. മത്താ. 2:1, 13–15. അത് ക്രി.മു. 4–ന് മുൻപുള്ള കാലത്ത് നമ്മെ എത്തിക്കുന്നു. യേശുവിന്റെ പരസ്യശുശ്രൂഷ ആരംഭിക്കുമ്പോൾ ഏകദേശം മുപ്പത് വയസ്സായിരുന്നു' (ലൂക്കോ. 3:23). ശുശ്രൂഷാ കാലം മൂന്ന് വർഷം എന്നും ബൈബിൾ സൂചിപ്പിക്കുന്നു.

തെർത്തുല്യൻ, റ്റാസിറ്റസ്, എവുസേബിയൂസ് എന്നീ പ്രാചീന ഗ്രന്ഥകാരന്മാർ യേശുവിനെക്കുറിച്ച് നൽകുന്ന രേഖകളും വിലപ്പെട്ട തെളിവുകൾ തന്നെ. പുരാവസ്തു ഗവേഷകനായ ഇ.എൽ. സുഖേനിക്കിന്റെ (എ.ഡി. 50) പ്രസ്താവനകൾ, ക്ലോഡിയസ് ചക്രവർത്തിയുടെ രാജശാസനകൾ (എ.ഡി. 41 –54) യഹൂദചരിത്രം തുടങ്ങി യേശുവിനെക്കുറിച്ച് എത്രയോ ആധികാരിക രേഖകൾ. ഇതര മതഗ്രന്ഥങ്ങൾ പരിശോധിച്ചാൽ യേശുവിന്റെ അവതാരത്തെക്കുറിച്ചുള്ള സൂചനകൾ കാണുവാൻ കഴിയും. അവതാരങ്ങൾ എന്നവകാശപ്പെട്ടവരൊക്കെയും മരിച്ച് മണ്ണടിഞ്ഞപ്പോൾ, യേശുമാത്രം മരണത്തെ ജയിച്ച് ഉയർത്തെഴുന്നേറ്റു–ഇന്നും ജീവിക്കുന്നു. ഒഴിഞ്ഞ കല്ലറ ഈ സത്യത്തെ സാക്ഷ്യപ്പെടുത്തുന്നു. എല്ലാ ലക്ഷണങ്ങളോടുകൂടി ലോകത്തിൽ വെളിപ്പെട്ട ഏകസത്യ ദൈവമാണ്–ദൈവപുരുഷനാണ് യേശുക്രിസ്തു.

# യേശുവാകുന്ന വഴി

കർത്താവായ യേശു ക്രൂശിൽ മരിക്കുന്നതിനു മുമ്പായി തന്റെ ശിഷ്യന്മാരോടു പറഞ്ഞു: "നിങ്ങളുടെ ഹൃദയം കലങ്ങിപ്പോകരുത് ഞാൻ നിങ്ങൾക്കു സ്ഥലം ഒരുക്കുവാൻ പോകുന്നു, ഞാൻ പോയി നിങ്ങൾക്കു സ്ഥലം ഒരുക്കിയശേഷം ഞാൻ ഇരിക്കുന്ന ഇടത്തു നിങ്ങളും ഇരിക്കേണ്ടതിനു പിന്നെയും വന്നു നിങ്ങളെ എന്റെ അടുക്കൽ ചേർത്തുകൊള്ളും, ഞാൻ പോകുന്ന ഇടത്തേക്കുള്ള വഴി നിങ്ങൾ അറിയുന്നു എന്നു പറഞ്ഞപ്പോൾ ശിഷ്യന്മാരിൽ ഒരാളായ തോമസ്സ്, കർത്താവേ നീ എവിടെ പോകുന്നു എന്നു ഞങ്ങൾ അറിയുന്നില്ല, പിന്നെ വഴി എങ്ങിനെ അറിയും" എന്നു പറഞ്ഞു. യേശു അവനോടു: "ഞാൻ തന്നേ വഴിയും, സത്യവും, ജീവനും ആകുന്നു, ഞാൻ മുഖാന്തരമല്ലാതെ ആരും പിതാവിന്റെ അടുക്കൽ (സ്വർഗ്ഗത്തിൽ) എത്തുന്നില്ല എന്നു പറഞ്ഞു (യോഹ. 14:1-6).

സ്വർഗ്ഗത്തിൽ പോകുവാനുള്ള ഏക-നേരായ വഴി കർത്താവായ യേശുക്രിസ്തു മാത്രമാണ്. ഭൂരിഭാഗം മനുഷ്യർ വിശ്വസിക്കുന്നത് അവരവർ നടക്കുന്നത് ശരിയായ വഴി ആകുന്നു എന്നാണ്. പാപത്തിൽ ജീവിക്കുന്ന ഒരുവനോടു ചോദിച്ചാൽ പറയുന്നത് താൻ ശരിയായ പാതയിലാണ് നടക്കുന്നതെന്നും, തന്റെ വിശ്വാസം തന്നെ രക്ഷിക്കുമെന്നും അങ്ങനെ മരണാനന്തരം സ്വർഗ്ഗത്തിൽ പോകും എന്നുമാണ്.

അനേകരും ധരിച്ചിരിക്കുന്നത് സ്വർഗ്ഗത്തിൽ പോകുവാൻ പല വഴികൾ ഉണ്ടെന്നാണ്. "പല നദികൾ ഒഴുകി ഒടുവിൽ കായയിലും പിന്നെ മഹാസമുദ്രത്തിലും ചെന്നു ചേരുന്നതു പോലെ ഓരോ മതസ്ഥരും അവരവരുടെ വിശ്വാസവും ആചാരങ്ങളും അനുസരിച്ച് നല്ലവരായി ജീവിച്ചാൽ എല്ലാവരും സ്വർഗ്ഗത്തിൽ

പ്രവേശിക്കും അഥവാ മോക്ഷം പ്രാപിക്കുമെന്നും അനേകർ വിശ്വസിക്കുന്നു.” വിശുദ്ധ ബൈബിളിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു: “നിങ്ങൾ വഴികളിൽ ചെന്ന് നല്ല വഴി ഏതെന്നു പഴയ പാതകളെ നോക്കി ചോദിച്ച് അതിൽ നടപ്പിൻ, എന്നാൽ നിങ്ങളുടെ മനസ്സിനു വിശ്രാമം ലഭിക്കും (യിരെ. 6:16). നിങ്ങളുടെ മനസ്സിന്നു വിശ്രാമം ലഭിക്കും എന്നത് ഇംഗ്ലീഷിൽ, നിങ്ങളുടെ ആത്മാവിന്നു വിശ്രാമം, ശാന്തി കണ്ടെത്താം എന്നാണ് പറഞ്ഞിരിക്കുന്നത് (This is what the Lord says: stand at the cross roads and look; ask for the ancient paths, ask where the good way is, and walk in it, and you will find rest for your souls). മനുഷ്യർ വിചാരിക്കുന്നതുപോലെ സ്വർഗ്ഗത്തിൽ പോകുവാൻ പല വഴികൾ ദൈവം മനുഷ്യവർഗ്ഗത്തിനു തുറന്നു തന്നിട്ടില്ല. മനുഷ്യന്റെ ആത്മാവിനു നിത്യസൗഭാഗ്യം ലഭിക്കുന്നതിനായി ഒരേ ഒരു വഴി മാത്രമേ സ്വർഗ്ഗസ്ഥനായ ദൈവം അനുവദിച്ചിട്ടുള്ളു. അത് ‘ഞാൻ തന്നെ വഴിയും സത്യവും ജീവനും ആകുന്നു’ എന്നു പറഞ്ഞ കർത്താവായ യേശുക്രിസ്തു എന്ന ഏക വഴിയാണ്. കർത്താവായ യേശുക്രിസ്തു ആധികാരികമായി പറഞ്ഞു. ഞാൻ തന്നേ വഴി, ഞാൻ തന്നെ സത്യം, ഞാൻ തന്നെ ജീവൻ ഞാൻ മുഖാന്തിരമല്ലാതെ ആരും ദൈവസന്നിധിയിൽ (സ്വർഗ്ഗത്തിൽ) എത്തുന്നില്ല. ഇത് എങ്ങനെ തറപ്പിച്ചു പറയുവാൻ കഴിയുമെന്ന് ചിലർ വിചാരിച്ചേക്കാം. സ്വർഗ്ഗത്തിൽനിന്നും ഈ താണ ഭൂമിയിൽ വന്ന് മരിച്ചിട്ട് ഉയർത്തെഴുന്നേററ് തിരികെ സ്വർഗ്ഗത്തിലേക്കു കരേറിപ്പോയത് ദൈവവും കർത്താവുമായ യേശുക്രിസ്തു മാത്രമാകയാലും, കർത്താവ് ഭോഷ്ക്കു പറയുവാൻ മനുഷ്യനല്ലായ്കയാലും, യേശു പറഞ്ഞത് നൂറു ശതമാനം വിശ്വസിച്ച് ഏറ്റെടുക്കാവുന്നതാണ്.

ഇന്ന് ലോകത്തിൽ അനേക മതങ്ങളുണ്ട്. ഓരോ മതസ്ഥർക്കും അവരവർ സേവിക്കുന്ന ദേവന്മാരും, അവതാരങ്ങളും ഉണ്ട്. സകല മനുഷ്യരും മരണാനന്തരം സ്വർഗ്ഗത്തിൽ പോകണമെന്നാണ് ആഗ്രഹിക്കുന്നത്. നരകത്തിൽ പോകുവാൻ ആരും

ആഗ്രഹിക്കുന്നില്ലല്ലോ? മനുഷ്യർ മോക്ഷം പ്രാപിക്കുവാനായി അവരവർ തങ്ങളുടെ മതാനുഷ്ഠാനങ്ങൾ ആചരിക്കുന്നു. മനുഷ്യർ വൃതവും, ഉപവാസവും നോക്കി പുണ്യസ്ഥലങ്ങൾ സന്ദർശിച്ച് നേർച്ചകാഴ്ചകൾ അർപ്പിക്കുന്നു. ഇങ്ങനെ മോക്ഷപ്രാപ്തിക്കായി അനേക കാര്യങ്ങൾ ചെയ്യുന്നുവെങ്കിലും അവരുടെ അന്തരാത്മാവിൽ ശൂന്യതയാണ് അവശേഷിക്കുന്നത്. ഒടുവിൽ മോക്ഷം പ്രാപിക്കുമോ എന്നുള്ള സംശയവും ചോദ്യവുമാണ് പിന്നെയും ഉദിക്കുന്നത്. വിശുദ്ധ ബൈബിളിൽ ഒരു പുണ്യവാളനെക്കുറിച്ചോ, പുണ്യവതിയെക്കുറിച്ചോ പറഞ്ഞിട്ടില്ലായ്കയാൽ അവരോടു പ്രാർത്ഥിച്ചതുകൊണ്ടോ, പുണ്യസ്ഥലങ്ങൾ സന്ദർശിച്ചതുകൊണ്ടോ നമ്മുടെ ആത്മാവിനു രക്ഷ ലഭിക്കുന്നില്ല എന്ന് വിശുദ്ധ ഗ്രന്ഥം മനസ്സിലാക്കി തരുന്നു. നമ്മുടെ ആത്മാവിന്റെ രക്ഷക്കുവേണ്ടി വഴിയും സത്യവും ജീവനുമാകുന്ന യേശുക്രിസ്തുവിൽ വിശ്വസിക്കുക എന്നാണ് ബൈബിളിൽ പറഞ്ഞിരിക്കുന്നത്. വിശുദ്ധ ബൈബിളിൽ പറഞ്ഞിരിക്കുന്ന നിത്യജീവൻ അഥവാ പറുദീസ വിശ്വാസമാർഗ്ഗത്താൽ മാത്രം ലഭ്യമാകുന്നതാണ്. യാതൊരു പ്രവർത്തിയും ആധാരമായിരിക്കുന്നില്ല.

യിസ്രായേൽ ജനം തങ്ങളുടെ പ്രയാണത്തിൽ മരുഭൂമിയിൽ ആയിരിക്കുമ്പോൾ മോശക്കും ദൈവത്തിനും വിരോധമായി സംസാരിച്ച് പാപം ചെയ്തപ്പോൾ ദൈവം ജനത്തിന്റെ ഇടയിൽ അഗ്നിസർപ്പങ്ങളെ അയച്ചു. സർപ്പത്തിന്റെ കടിയേറ്റ് അനേകർ മരിച്ചുവീണപ്പോൾ ജനം മോശെയുടെ അടുക്കൽ വന്ന് നിലവിളിച്ചു. അപ്പോൾ ദൈവം മോശെയോടു പറഞ്ഞത് ഒരു താമ്രസർപ്പത്തെ ഉണ്ടാക്കി മരത്തിൽ തൂക്കുക, കടിയേൽക്കുന്നവൻ മരത്തിൽ തൂക്കപ്പെട്ട താമ്രസർപ്പത്തെ നോക്കിയാൽ ജീവിക്കും എന്നു പറഞ്ഞു. മോശെ അപ്രകാരം ചെയ്തു. മരത്തിൽ തൂക്കപ്പെട്ട താമ്രസർപ്പത്തെ നോക്കിയവർ ആരും മരിച്ചില്ല. ഈ സംഭവം കർത്താവായ യേശു കാൽവറിയിൽ ക്രൂശിൽ തൂങ്ങുന്നതിനു സാദൃശ്യമായിരുന്നു എന്നും, മോശെ മരുഭൂമിയിൽ

സർപ്പത്തെ ഉയർത്തിയതുപോലെ മനുഷ്യപുത്രനെയും ഉയർത്തേണ്ടതാകുന്നു എന്നും അവനിൽ വിശ്വസിക്കുന്ന ഏവനും നിത്യജീവൻ പ്രാപിക്കേണ്ടതിനുതന്നേ എന്നും ബൈബിളിൽ പറഞ്ഞിരിക്കുന്നു (യോഹ. 3:14–15).

“തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചു പോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിനു ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു. ദൈവം തന്റെ പുത്രനെ ലോകത്തിൽ അയച്ചതു ലോകത്തെ വിധിപ്പാനല്ല ലോകം അവനാൽ രക്ഷിക്കപ്പെടുവാനത്രേ (യോഹ. 3:16–17)

നാം രക്ഷപ്രാപിക്കുവാൻ അഥവാ നിത്യജീവൻ പ്രാപിക്കുവാൻ ദൈവം മനുഷ്യരുടെ മുമ്പിൽ വെച്ചിരിക്കുന്ന ലളിതമായ മാർഗ്ഗം കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിക്കുക എന്നതാണ്. എല്ലാ ഗോത്രത്തിൽനിന്നും ഭാഷയിൽനിന്നും, വംശത്തിൽനിന്നും, ജാതിയിൽ നിന്നും യേശുവിൽ വിശ്വസിച്ച് രക്ഷ പ്രാപിച്ച കോടിക്കണക്കിനു ജനങ്ങൾ എല്ലാ രാജ്യങ്ങളിലും ഉണ്ട്. യേശുവിന്റെ രക്തത്താൽ വീണ്ടെടുക്കപ്പെട്ട വിശുദ്ധന്മാർക്കായിട്ടാണ് കർത്താവായ യേശു വീണ്ടും വരുന്നത്. ‘മറ്റൊരുത്തനിലും രക്ഷ ഇല്ല; നാം രക്ഷിക്കപ്പെടുവാൻ ആകാശത്തിൻ കീഴിൽ മനുഷ്യരുടെ ഇടയിൽ നല്കപ്പെട്ട വേറൊരു നാമവും ഇല്ല’ എന്ന് വിശുദ്ധ ബൈബിളിൽ പറഞ്ഞിരിക്കുന്നു (അ.പ്ര. 4:12).

# ജീവന്റെയും മരണത്തിന്റെയും വഴികൾ

ആകാശവും ഭൂമിയും സമുദ്രവും അതിലുള്ള സകലവും സൃഷ്ടിച്ച സൃഷ്ടാവായ ദൈവത്തിന്റെ നിത്യശക്തിയും ദൈവത്വവുമായി അവന്റെ അദൃശ്യലക്ഷണങ്ങൾ ലോകസൃഷ്ടി മുതൽ അവന്റെ പ്രവർത്തികളാൽ മനുഷ്യബുദ്ധിക്കു വെളിപ്പെടുത്തി കൊടുത്തിട്ടും അവനെ ദൈവമെന്നു ഓർത്ത് മഹത്വീകരിക്കുകയോ നന്ദി കാണിക്കുകയോ ചെയ്യാതെ മനുഷ്യർ തങ്ങളുടെ നിരൂപണങ്ങളിൽ വ്യർത്ഥരായിത്തീർന്നു. അവരുടെ വിവേകമില്ലാത്ത ഹൃദയം ഇരുണ്ടുപോയി. അക്ഷയനായ ദൈവത്തിന്റെ തേജസ്സിനെ അവർ ക്ഷയമുള്ള മനുഷ്യൻ, പക്ഷി, നാല്ക്കാലി, ഇഴജാതി എന്നിവയുടെ രൂപസാദൃശ്യമായി മാറ്റിക്കളഞ്ഞു. സൃഷ്ടിച്ചവനെക്കാൾ സൃഷ്ടിയെ ഭജിച്ച് ആരാധിക്കുകയും അവയുടെ മുമ്പിൽ വണങ്ങുകയും ചെയ്തതിനാൽ ദൈവം മനുഷ്യനെ കൈവിട്ടതായി തിരുവെഴുത്തിൽ പറഞ്ഞിരിക്കുന്നു (റോമ. 1:19–25). മനുഷ്യൻ ദൈവത്തിന്റെ വഴിയിൽ നടപ്പാൻ ഇഷ്ടപ്പെടാതെ, ദൈവം പറയുന്നതു കേൾപ്പാൻ മനസ്സില്ലാതെ, മനുഷ്യന്റേതായ വഴി തിരഞ്ഞെടുത്ത് അതിൽ നടപ്പാൻ തീരുമാനിച്ചു. “നാം എല്ലാവരും ആടുകളെപ്പോലെ തെറ്റിപ്പോയിരുന്നു; നാം ഓരോരുത്തരും താന്താന്റെ വഴിക്കു തിരിഞ്ഞിരുന്നു എന്ന് തിരുവചനം പറയുന്നു (യെശ.53:6; റോമ.3:12).

സൃഷ്ടാവായ ദൈവം മറ്റെല്ലാ ജീവജാലങ്ങളെക്കാൾ ശ്രേഷ്ഠമായിട്ടാണ് മനുഷ്യനെ സൃഷ്ടിച്ചത്. അപരിഷ്കൃതനായ മനുഷ്യനും ബുദ്ധിയുണ്ട്, അവനും മനനം ചെയ്യാനുള്ള കഴിവുണ്ട്. ദൈവം മനുഷ്യനു നൽകിയ അതിവിശിഷ്ട സ്വഭാവ ഗുണ

ങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ് 'തിരഞ്ഞെടുക്കുവാനുള്ള സ്വാതന്ത്ര്യം' (freedom of choice). ഈ വിശിഷ്ട സ്വഭാവത്തിന്റെ ഉടമകളാണ് സകല മനുഷ്യരും. ദൈവം നൽകിയ ഈ സ്വാതന്ത്ര്യംകൊണ്ട് ദൈവത്തിന്റെ വഴി തിരഞ്ഞെടുത്ത് അതിൽകൂടി നടന്ന് നിത്യജീവനിൽ എത്തുവാനും അല്ലെങ്കിൽ ദൈവ വഴി തിരസ്ക്കരിച്ച് നിത്യനാശത്തിൽ ചെന്നുചേരുവാനും കഴിയുന്നതാണ്. അതുകൊണ്ട് യഹോവയായ ദൈവം ഇപ്രകാരം അരുളിച്ചെയ്യുന്നു 'ഇതാ ഞാൻ ജീവന്റെ വഴിയും മരണത്തിന്റെ വഴിയും നിങ്ങളുടെ മുമ്പിൽ വെക്കുന്നു' (യിരെ. 21:8).

'ഇതാ ഞാൻ ഇന്നു ജീവനും മരണവും അനുഗ്രഹവും ശാപവും നിങ്ങളുടെ മുമ്പിൽ വെച്ചിരിക്കുന്നു. നിന്റെ ദൈവമായ യഹോവയെ സ്നേഹിക്കയും അവന്റെ വാക്കു കേട്ടനുസരിക്കുകയും അവനോടു ചേർന്നിരിക്കയും ചെയ്യേണ്ടതിനു ജീവനെ തിരഞ്ഞെടുത്തുകൊൾക അതല്ലോ നിങ്ങൾക്കു ജീവനും ദീർഘായുസ്സും ആകുന്നു (ആവ. 30:15-19).

കർത്താവായ യേശു ജനത്തോടു പറഞ്ഞതെന്തെന്നാൽ 'നാശത്തിലേക്കു പോകുന്ന വഴി വിശാലവും അതിൽകൂടി നടക്കുന്നവർ അനേകരും, ജീവങ്കലേക്കു പോകുന്ന വഴി ഞെരുക്കമുള്ളതും അതു കണ്ടെത്തുന്നവർ ചുരുക്കമത്രേ' (മത്താ. 7:13-14).

നാശത്തിലേക്കു (നരകം) പോകുന്ന വഴിയെക്കുറിച്ചും, ജീവനിലേക്കു (നിത്യജീവങ്കലേക്കു) പോകുന്ന വഴിയെക്കുറിച്ചും ഏവർക്കും മനസ്സിലാകത്തക്കവണ്ണം യേശു പറഞ്ഞിരിക്കുന്നത് നാം ഗൗരവപൂർവ്വം എടുക്കുന്നുണ്ടോ? ഈ രണ്ടു വഴികളല്ലാതെ വേറൊരു വഴി നമ്മുടെ മുമ്പിലില്ല. മനുഷ്യനെ നാശത്തിലേക്കു നയിക്കുന്ന അനേക വാതിലുകളും, വിശാലമായ വഴികളും ഇന്ന് ലോകത്തിലുണ്ടെന്നുള്ളത് പ്രത്യേകിച്ചു പറയേണ്ടതില്ലല്ലോ? ഭൂരിപക്ഷം ജനങ്ങളും വിശാലമായ വഴിയിൽകൂടി നടക്കുവാനാണ് ഇഷ്ടപ്പെടുന്നത്. മനുഷ്യന്റെ കണ്ണിന്നു കൗതു

കമാർന്നതും, ജഡത്തിനു സുഖം നൽകുന്നതുമായ അനേക മ്ലേഛവഴികളിലേക്കു പിശാച് മനുഷ്യരെ നയിച്ചു കൊണ്ടിരിക്കുന്നു. തൽഫലമായി എത്രയോ ജീവിതങ്ങൾ, കുടുംബങ്ങൾ താറുമാറായിക്കൊണ്ടിരിക്കുന്ന കാഴ്ച നാം കണ്ടുകൊണ്ടിരിക്കുന്ന യാഥാർത്ഥ്യമാണല്ലോ? മനുഷ്യൻ അവനവനു തോന്നിയ വഴി അഥവാ ഇഷ്ടമുള്ള വഴി തെരഞ്ഞെടുത്ത് അതിൽ നടക്കുകയാണ് ചെയ്യുന്നത്. ദൈവം പറഞ്ഞിരിക്കുന്ന വഴിയിൽ നടക്കുവാൻ മനുഷ്യർ ഇഷ്ടപ്പെടുന്നില്ല.

അനേക വഴികളെക്കുറിച്ച് വിശുദ്ധ ബൈബിളിൽ പറഞ്ഞിരിക്കുന്നതിൽ ചിലത് താഴെ കുറിക്കുന്നു. ഇതിൽ ഏതു വഴിയും തിരഞ്ഞെടുത്തു നടക്കുവാനുള്ള സ്വാതന്ത്ര്യം മനുഷ്യനുണ്ട്. ഈ വഴിയുടെ അന്ത്യം ഒന്നുകിൽ ജീവൻ (നിത്യജീവൻ) അല്ലെങ്കിൽ മരണം (നിത്യമരണം) ആകുന്നു.

## ജീവങ്കലേക്കുള്ള വഴി :

- **ദൈവത്തിന്റെ വഴി** : സങ്കീ. 18:21,30; 25:4; 27:11,37; 67:2; 77:13,19; 81:13; 86:11; 103:7; 119:3; 128:1; യെശ. 2:3.
- **നേർവ്വഴി (നേരേയുള്ള പാത)** : സങ്കീ. 25:8; സദൃ. 2:13; 4:11; 2 പത്രോ. 2:15
- **വിശുദ്ധ വഴി** : സങ്കീ. 77:13
- **നീതിയുടെ വഴി** : സദൃ. 8:21; 16:31
- **നീതിമാന്മാരുടെ പാത** : സങ്കീ. 1:6; സദൃ. 2:20; 4:18
- **യഹോവ ഭക്തന്റെ വഴി** : സങ്കീ. 25:12
- **സജ്ജനത്തിന്റെ വഴി** : സദൃ. 2:20
- **വിശുദ്ധന്മാരുടെ വഴി** : സദൃ. 2:8
- **വിശ്വസ്തന്മാരുടെ വഴി** : സങ്കീ. 119:30
- **ജീവന്റെ വഴി** : സങ്കീ. 16:11; സദൃ. 2:19; 5:6

- **സമാധാനത്തിന്റെ വഴി** : യെശ. 59:8
- **നടക്കേണ്ടുന്ന വഴി** : ഇയ്യോ. 23:10; സങ്കീ. 32:8; 143:8

## മരണത്തിലേക്കുള്ള വഴി :

- **പാപികളുടെ വഴി** : സങ്കീ. 1:1
- **ദുഷ്ടന്മാരുടെ വഴി** : സങ്കീ. 1:6; 10:5; 146:9; സദൃ. 2:12; 15:9
- **കൊള്ളരുതാത്ത വഴി** : സങ്കീ. 36:4
- **ഭോഷ്ക്കിന്റെ വഴി** : സങ്കീ. 119:29
- **വക്രതയുള്ള വഴി** : സദൃ. 28:6; യെഹ. 3:19
- **ഇരുട്ടുള്ള വഴി** : സദൃ. 2:13
- **വ്യഭിചാരിണിയുടെ വഴി** : സദൃ. 2:18; 30:20
- **സ്വന്തവഴി** : സദൃ. 14:12; 21:2
- **മനുഷ്യന്റെ വഴി** : ഇയ്യോ. 34:21; സങ്കീ. 37:23
- **തോന്നിയ വഴി** : യെശ. 57:17
- **കയ്യീന്റെ വഴി** : യൂദാ 11
- **ബിലെയാമിന്റെ വഴി** : 2 പത്രോ. 2:15
- **താന്താന്റെ വഴി** : യെശ. 53:6

സ്വന്തവഴി തിരഞ്ഞെടുത്തു നടന്ന ഒരു യൗവ്വനക്കാരനെക്കുറിച്ച് ബൈബിളിൽ രേഖപ്പെടുത്തിയിരിക്കുന്നത് ക്രിസ്തീയ സമൂഹത്തിൽ കേട്ടിട്ടില്ലാത്ത ആരും കാണുകയില്ലല്ലോ? ഒരു അപ്പന് രണ്ട് ആൺമക്കളുള്ളതിൽ ഇളയമകൻ തനിക്കവകാശപ്പെട്ട സ്വത്ത് പിതാവിൽനിന്നും വാങ്ങി തന്റെ വഴിക്കുപോയി. കുറെ നാൾ കൂട്ടുകാരുമൊത്ത് ധൂർത്തടിച്ച് ജീവിച്ചു. ഈ യൗവ്വനക്കാരന്റെ കയ്യിലെ കാശെല്ലാം തീർന്നതോടുകൂടി കൂട്ടുകാർ എല്ലാവരും കൈവിട്ടു. ഒടുവിൽ പന്നി തിന്നുന്ന ആഹാരം പോലും ലഭിക്കാതെ പട്ടിണിയായി അലഞ്ഞ് ക്ഷീണിച്ച് താൻ

ഇഞ്ചിഞ്ചായി നശിച്ചുകൊണ്ടിരുന്നു. ഈ അവസ്ഥയിൽ താൻ ആത്മഹത്യ ചെയ്യാത്തതിൽ അഭിനന്ദിക്കേണ്ടിയിരിക്കുന്നു. താൻ തിരഞ്ഞെടുത്ത വഴി തെറ്റായിപ്പോയി എന്ന് തന്റെ അനുഭവ ത്തിലൂടെ ബോദ്ധ്യമായപ്പോൾ തെറ്റുകൾ ഏറ്റുപറഞ്ഞ് അനു തപിച്ച് അപ്പന്റെ ഭവനത്തിലേക്ക് (യഥാർത്ഥ വഴിയിലേക്ക്) മട ങ്ങിപ്പോകുന്നതായി നാം കാണുന്നു. ഇതുപോലെ തിരഞ്ഞെ ടുത്തു നടക്കുന്ന വഴിയുടെ അന്ത്യത്തെക്കുറിച്ച് നാം എപ്പോഴും ബോധവാന്മാരാകേണ്ടിയിരിക്കുന്നു.

'ചിലപ്പോൾ ഒരു വഴി മനുഷ്യനു ചൊവ്വായി തോന്നും, അതിന്റെ അവസാനമോ മരണവഴികൾ അത്രേ' എന്ന് തിരുവ ചനത്തിൽ പറഞ്ഞിരിക്കുന്നു (സദൃ. 14:12).

# നന്മ പ്രവർത്തികൾ ആത്മരക്ഷയ്ക്ക് നിദാനമോ?

വിശുദ്ധ ബൈബിൾ പറയുന്നു. "നീതിമാൻ ആരുമില്ല, ഒരുത്തൻപോലുമില്ല. എല്ലാവരും വഴിതെറ്റി ഒരുപോലെ കൊള്ളരുതാത്തവരായിത്തീർന്നു" (റോമ. 3:10–12).

സമൂഹത്തിൽ നല്ല പ്രവർത്തികളും പല ജീവകാരുണ്യ പ്രവർത്തനങ്ങളും ചെയ്യുന്ന അനേകരുണ്ട്. ഇവരെ നല്ല മനുഷ്യൻ, നീതിമാൻ എന്ന് പുകഴ്ത്തി പറയുകയും സമൂഹം ബഹുമാനിക്കുകയും ചെയ്യുന്നു. ഈവക പ്രവർത്തനങ്ങൾ നല്ല പ്രവർത്തനങ്ങളായും അവ പ്രവർത്തിക്കുന്നവരെ നീതിമാന്മാരായും മനുഷ്യസമൂഹം വിലയിരുത്തുന്നുവെങ്കിലും ആ വക നീതിപ്രവർത്തികൾ തങ്ങളുടെ ആത്മരക്ഷയ്ക്കോ പറുദീസയിൽ (സ്വർഗ്ഗം) എത്തുന്നതിനോ നിദാനമായിരിക്കുന്നില്ല എന്ന് തിരുവചനം പറയുന്നു. മനുഷ്യന്റെ യാതൊരു നീതിപ്രവർത്തിയും അവനെ സ്വർഗ്ഗത്തിൽ എത്തിക്കുന്നില്ല. മനുഷ്യന്റെ നീതിപ്രവർത്തികൾ ദൈവനീതിയായി കണക്കിടുന്നില്ല. വിശുദ്ധ ബൈബിൾ പറയുന്നത്: "മനുഷ്യരുടെ നീതി പ്രവർത്തികൾ എല്ലാം ദൈവസന്നിധിയിൽ കറപുരണ്ട തുണിപോലെ എന്നാണ്" (യെശ. 64:6). ക്രിസ്തുയേശുവിലെ വിശ്വാസത്താലല്ലാതെ സൽപ്രവർത്തികളാൽ ആരും ദൈവമുമ്പാകെ നീതീകരിക്കപ്പെടുന്നില്ല എന്ന് തിരുവചനം പറയുന്നു. (റോമ. 3:26 –28; 5:1; ഗലാ. 2:16, 24). ബൈബിളിൽ നിന്ന് ഇതിനായി ഒരു തെളിവ് ഉദ്ധരിക്കുന്നു.

കൊർന്നല്യോസ് എന്നുപേരുള്ള ഒരു ശതാധിപനെക്കുറിച്ച് വിശുദ്ധ ബൈബിളിൽ പറഞ്ഞിരിക്കുന്നത്, അവൻ ഭക്തനും

ദൈവത്തെ ഭയപ്പെടുന്നവനും ജനത്തിനു വളരെ ധർമ്മം കൊടുക്കുന്നവനും പ്രാർത്ഥിക്കുന്നവനും അങ്ങനെ മനുഷ്യരുടെ ഇടയിൽ എല്ലാ നിലയിലും നല്ല സാക്ഷ്യം പ്രാപിച്ച ദൈവഭക്തിയുള്ള നീതിമാനായ ഒരു മനുഷ്യനായിരുന്നു എന്നാണ്. എന്നാൽ അവന്റെ ആത്മാവിന്റെ രക്ഷയ്ക്കുവേണ്ടി കർത്താവായ യേശുക്രിസ്തുവിലെ വിശ്വാസത്താൽ ലഭ്യമാകുന്ന നീതീകരണവും പാപമോചനവും പ്രാപിക്കേണ്ടതിന് പത്രോസിനെ വിളിപ്പാൻ ദൈവിക ദർശനം തനിക്കു ലഭിക്കുകയുണ്ടായി. അങ്ങനെ പത്രോസിനെ അവൻ ആളയച്ചു വിളിപ്പിച്ച് താൻ കണ്ട ദൈവീകദർശനം പത്രോസിനോടു വിശദീകരിച്ചു പറഞ്ഞു. പത്രോസ് കൂടിവന്ന എല്ലാവരോടും: "ക്രിസ്തുവിൽ വിശ്വസിക്കുന്ന ഏവനും പാപമോചനം ലഭിക്കും എന്ന് സകല പ്രവാചകന്മാരും സാക്ഷ്യം പറയുന്നു എന്നുള്ള സുവിശേഷം അറിയിച്ചപ്പോൾ, വചനം കേട്ടു വിശ്വസിച്ചവരുടെമേൽ പരിശുദ്ധാത്മപ്പകർച്ച ഉണ്ടാകുകയും അവർ എല്ലാവരും സ്നാനമേൽക്കുകയും ചെയ്തു (അ.പ്ര. 10:44-48). സമൂഹത്തിൽ സൽപ്രവർത്തി ചെയ്തുവന്ന നീതിമാനായ-ഭക്തനായ കൊർന്നല്യോസിന്റെ ആത്മരക്ഷയ്ക്കായി കർത്താവായ യേശുവിൽ വിശ്വസിക്കേണ്ടിയിരുന്നു.

**യേശുക്രിസ്തുവിൽ വിശ്വസിച്ച് രക്ഷിക്കപ്പെടുമ്പോൾ ലഭ്യമാകുന്ന അനുഗ്രഹങ്ങൾ :**

- **നിത്യജീവൻ**
- **പറുദീസ (സ്വർഗ്ഗം)**
- **ദൈവമകൻ (മകൾ) എന്ന പദവി**
- **ദൈവത്തിന്റെ നീതിമാൻ എന്ന പദവി**
- **ജീവപുസ്തകത്തിൽ പേർ എഴുതപ്പെടുന്നു.**
- **രക്ഷയുടെ സന്തോഷം ലഭിക്കുന്നു.**
- **ദൈവീക സമാധാനം എന്നും അനുഭവിക്കുന്നു.**
- **സ്വർഗ്ഗരാജ്യത്തിന്റെ അവകാശി എന്നുള്ള ഉറപ്പ്.**

- **ക്രിസ്തുവിന്റെ വരവിങ്കലുള്ള പുനരുത്ഥാനം**
- **സ്വർഗ്ഗീയ കുടുംബത്തിലെ പൗരത്വം.**
- **നിത്യനരകത്തിൽ നിന്നുള്ള വിടുതൽ.**
- **ദൈവത്തെ അബ്ബാ പിതാവേ എന്നു വിളിക്കുവാനുള്ള പദവി.**
- **ദൈവീക വാഗ്ദത്തങ്ങൾക്ക് കൂട്ടവകാശി.**
- **സത്യ ആരാധന.**
- **സ്വർഗ്ഗീയ ദൂതന്മാരുടെ കാവലും സൂക്ഷിപ്പും**
- **ന്യായവിധിയിൽ നിന്നുള്ള വിടുതൽ**
- **പ്രത്യാശ**

ക്രിസ്തുയേശുവിൽ വിശ്വസിക്കുന്ന ഒരുവന്നു ലഭിക്കുന്ന അനുഗ്രഹങ്ങൾ എത്രയെന്നു കാണുക.

# യേശുക്രിസ്തു വെറും ഒരു ചരിത്രപുരുഷനോ?

ചിലർ വിശ്വസിച്ചിരിക്കുന്നത് യേശുക്രിസ്തു രണ്ടായിരം വർഷങ്ങൾക്കു മുമ്പേ ജനിച്ചു മരിച്ച ഒരു ചരിത്രപുരുഷനും ക്രിസ്ത്യാനികൾ ആരാധിക്കുന്ന ആരാധ്യപുരുഷനാണെന്നുമാണ്. മറ്റു മതസ്ഥരുടെ ദൈവത്തെപ്പോലെയും അവതാരങ്ങളെപ്പോലെയുമാണ് യേശുവിനെയും ചിലർ കാണുന്നത്. യേശു രണ്ടായിരം വർഷങ്ങൾക്കുമുമ്പേ മനുഷ്യജന്മം എടുത്ത് ഈ ലോകത്തിൽ മനുഷ്യനായി അവതരിച്ച ദൈവവും, യഹൂദന്മാർ കാത്തിരുന്ന മശിഹായും, ലോകരക്ഷിതാവുമാണ്. യേശുവിന്റെ ദൈവത്വത്തെക്കുറിച്ച് വിശുദ്ധ ഗ്രന്ഥത്തിൽ പറഞ്ഞിരിക്കുന്ന ചില വേദഭാഗങ്ങൾ ഉദ്ധരിക്കുന്നത് ശ്രദ്ധിക്കുക.

## യേശു

'ഞാൻ അൽഫയും ഒമേഗയും (ആദിയും അന്തവും) ആകുന്നു എന്നരുളിച്ചെയ്തവനത്രേ' (യെശ. 44:6; വെളി. 1:8,17; 2:8; 21:6; 22:13).

'സകല സൃഷ്ടിയുടെയും സൃഷ്ടാവാണ് (ഉല്പ. 1:26).

'അബ്രഹാം ജനിക്കുന്നതിനു മുൻപേയുള്ളവൻ' (യോഹ. 8:58).

'യേശു അദൃശ്യനായ ദൈവത്തിന്റെ പ്രതിമയും, സർവ്വ സൃഷ്ടിക്കും ആദ്യജാതനും ആകുന്നു. സ്വർഗ്ഗത്തിലുള്ളതും, ഭൂമിയിലുള്ളതും ദൃശ്യമായതും അദൃശ്യമായതും സിംഹാസനങ്ങൾ ആകട്ടെ, കർത്തൃത്വങ്ങൾ ആകട്ടെ, വാഴ്ചകൾ ആക

ട്ടെ, അധികാരങ്ങൾ ആകട്ടെ സകലവും അവൻ മുഖാന്തരം സൃഷ്ടിക്കപ്പെട്ടു, അവൻ മുഖാന്തരവും അവന്നായിട്ടും സകലവും സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. അവൻ സർവ്വത്തിനും മുമ്പെയുള്ളവൻ, അവൻ സകലത്തിനും ആധാരമായിരിക്കുന്നു (കൊലോ. 1:15–17).

മുകളിൽ ഉദ്ധരിച്ച വേദഭാഗത്ത്, സർവ്വസൃഷ്ടിക്കും ആദ്യൻ, സകലവും അവൻ മുഖാന്തരം സൃഷ്ടിക്കപ്പെട്ടു, അവൻ സർവ്വത്തിനും മുമ്പെയുള്ളവൻ, അവൻ സകലത്തിനും ആധാരമായിരിക്കുന്നു എന്നു പറഞ്ഞിരിക്കുന്നതു ഗ്രഹിക്കുന്ന ഒരു വ്യക്തിയ്ക്ക് യേശു മനുഷ്യജന്മം എടുക്കുന്നതിനു മുമ്പേ ആരായിരുന്നു എന്ന് ഒരു വിശദീകരണവും കൂടാതെ മനസ്സിലാക്കാവുന്നതാണല്ലോ?

“ഞാൻ പുരാതനമേ ആദിയിൽ തന്നേ ഭൂമിയുടെ ഉല്പത്തിക്കു മുമ്പേ നിയമിക്കപ്പെട്ടിരിക്കുന്നു; ആഴങ്ങൾ ഇല്ലാതിരുന്നപ്പോൾ ഞാൻ ജനിച്ചിരിക്കുന്നു. വെള്ളം നിറഞ്ഞ ഉറവുകൾ ഇല്ലാതിരുന്നപ്പോൾ തന്നേ. പർവ്വതങ്ങളെ സ്ഥാപിച്ചതിനു മുമ്പെയും കുന്നുകൾക്കു മുമ്പെയും ഞാൻ ജനിച്ചിരിക്കുന്നു.. അവൻ സമുദ്രത്തിനു അതിര് വെച്ചപ്പോഴും ഭൂമിയുടെ അടിസ്ഥാനം ഇട്ടപ്പോഴും ഞാൻ അവന്റെ അടുക്കൽ ശില്പി ആയിരുന്നു (സദൃ. 8:23–30).

“ഞാൻ ആദിമുതൽ രഹസ്യത്തിലല്ല പ്രസ്താവിച്ചിട്ടുള്ളത്. അതിന്റെ ഉത്ഭവകാലം മുതൽ ഞാൻ അവിടെ ഉണ്ട് (യെശ. 48:16).

യേശു ക്രൂശിൽ മരിക്കുന്നതിനു ചില ദിവസങ്ങൾക്കുമുമ്പ് പിതാവായ ദൈവത്തോടു പ്രാർത്ഥിച്ചു പറഞ്ഞത്: “ഇപ്പോൾ പിതാവേ, ലോകം ഉണ്ടാകും മുമ്പെ എനിക്കു നിന്റെ അടുക്കൽ ഉണ്ടായിരുന്ന മഹത്വത്തിൽ എന്നെ നിന്റെ അടുക്കൽ മഹത്വപ്പെടുത്തേണമേ” എന്നാണ് (യോഹ. 17:5).

ദൈവമായിരിക്കെ ദൈവത്തോടുള്ള സമത്വം മുറുകെ പിടി

ച്ചുകൊള്ളേണം എന്നു വിചാരിക്കാതെ ദാസരൂപം എടുത്തു മനുഷ്യസാദൃശ്യത്തിലായി, തന്നെത്താൻ ഒഴിച്ചു വേഷത്തിൽ മനുഷ്യനായി അവതരിച്ച ദൈവമാണ് യേശുക്രിസ്തു (ഫിലി. 2:6–8).

യേശുവിനെ സ്വർഗ്ഗീയ ദൂതന്മാർ ആരാധിക്കുന്ന ദൃശ്യം യെശയ്യാവ് 6:4–ൽ നമുക്ക് കാണുവാൻ കഴിയും.

"ആദ്യജാതനെ പിന്നെയും ഭൂതലത്തിലേക്കു പ്രവേശിപ്പിക്കുമ്പോൾ ദൈവത്തിന്റെ സകല ദൂതന്മാരും അവനെ നമസ്കരിക്കേണം എന്ന് അരുളിച്ചെയ്യുന്നു...." പുത്രനോടോ: "ദൈവമേ, നിന്റെ സിംഹാസനം എന്നും എന്നേക്കുമുള്ളത്; നിന്റെ രാജത്വത്തിന്റെ ചെങ്കോൽ നേരുള്ള ചെങ്കോൽ... കർത്താവേ നീ പൂർവ്വകാലത്തു ഭൂമിക്കു അടിസ്ഥാനം ഇട്ടു, ആകാശവും നിന്റെ കൈകളുടെ പ്രവർത്തി ആകുന്നു; അവ നശിക്കും; നീയോ നില നിൽക്കും" (എബ്രാ. 1:6–12).

യേശുക്രിസ്തു ഇന്നലെയും, ഇന്നും എന്നന്നേക്കും അനന്യൻ തന്നേ എന്ന് വിശുദ്ധ ബൈബിളിൽ രേഖപ്പെടുത്തിയിരിക്കുന്നു (എബ്രാ. 13:8).

യേശുക്രിസ്തു മനുഷ്യാവതാരം എടുക്കുന്നതിനു മുമ്പ് ആരായിരുന്നു എന്നു തെളിയിക്കുന്ന ചില വേദഭാഗങ്ങളാണ് മുകളിൽ ഉദ്ധരിച്ചത്. സൃഷ്ടാവായ ദൈവം, ദൂതന്മാർ ആരാധിച്ചുകൊണ്ടിരുന്ന കർത്താവ് –സ്വർഗ്ഗീയ മഹിമ എല്ലാം വെടിഞ്ഞ് സാധാരണക്കാരിൽ സാധാരണക്കാരനായി മനുഷ്യജന്മം എടുത്ത്, മനുഷ്യവർഗ്ഗത്തിന്റെ പാപത്തിനു പ്രായശ്ചിത്തമായി ക്രൂശിൽ മരിച്ച് അടക്കപ്പെട്ട് മൂന്നാംനാളിൽ ഉയർത്തെഴുന്നേറ്റ ശേഷം, തന്റെ ശിഷ്യഗണത്തിനു പല പ്രാവശ്യം പ്രത്യക്ഷപ്പെട്ട് താൻ ജീവിച്ചിരിക്കുന്നു എന്ന് വെളിപ്പെടുത്തിയശേഷം–അവർ ഏവരും കാൺകെ സ്വാർഗ്ഗാരോഹണം ചെയ്തു. അവൻ സ്വർഗ്ഗത്തിലേക്കുപോയി ദൈവത്തിന്റെ വലത്തുഭാഗത്തു ഇരിക്കുന്നു.

ദൂതന്മാരും അധികാരങ്ങളും ശക്തികളും അവന്നു കീഴ്പ്പെട്ടിരിക്കുന്നു എന്ന് തിരുവചനം വ്യക്തമാക്കുന്നു (1 പത്രോ. 3:22).

മാന്യ സ്നേഹിതാ! യേശു മരിച്ച് അടക്കപ്പെട്ട് ഉയിർത്തെഴുന്നേറ്റ് സ്വർഗ്ഗാരോഹണം ചെയ്തിരിക്കെ താൻ ഇന്നും എന്നും ജീവിക്കുന്ന ദൈവമാണെന്ന് വിശ്വസിക്കുവാൻ കഴിയാത്തതെന്ത്?

# യേശുക്രിസ്തു ലോകത്തിന്റെ പാപം ചുമന്നൊഴിച്ച ദൈവകുഞ്ഞാട്

"ഇതാ ലോകത്തിന്റെ പാപം ചുമക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്" (യോഹ. 1:29). തന്റെ അടുത്തേക്കു വരുന്ന യേശുവിനെ നോക്കിക്കൊണ്ട് യോഹന്നാൻ സ്നാപകൻ പറഞ്ഞ വാക്കുകളാണ് മുകളിൽ ഉദ്ധരിച്ചത്. യേശു ഒരു കുഞ്ഞാടോ, കുഞ്ഞാടായി ജനിച്ച മൃഗമോ അല്ലല്ലോ? യേശുവിനെ ഒരു യാഗമൃഗമാകുന്ന ആടിനോടു ഉപമിച്ചുകൊണ്ട്, യേശു മുഴുലോകത്തിന്റെ (മാനവജാതിയുടെ) പാപം വഹിച്ചുകൊണ്ട് കാൽവറിയിൽ അകൃത്യയാഗമായി അർപ്പിക്കപ്പെടുവാൻ പോകുന്നത് മുന്നമേ കണ്ടുകൊണ്ട്, യോഹന്നാൻ സ്നാപകൻ വിളിച്ചു പറയുന്നു, കണ്ടാലും ലോകത്തിന്റെ പാപം ചുമക്കുന്ന ദൈവകുഞ്ഞാട്. യോഹന്നാൻ മാത്രമല്ല, യെശയ്യാവ് പ്രവാചകൻ യേശുവിനെക്കുറിച്ച് പ്രവചിച്ചു പറഞ്ഞിരിക്കുന്നത് "കൊല്ലുവാൻ കൊണ്ടുപോകുന്ന കുഞ്ഞാടിനെപ്പോലെയും രോമം കത്രിക്കുന്ന ആടിനെപ്പോലെയും അവൻ വായെ തുറക്കാതിരുന്നു" (യെശ. 53:7; അ.പ്ര. 8:32).

വിശുദ്ധ ബൈബിളിലെ ആദ്യപുസ്തകമായ ഉല്പത്തിയിൽ ക്രിസ്തുവിന്റെ ദൈവത്വത്തെ വെളിപ്പെടുത്തിയിരിക്കുന്നതിനോടൊപ്പം (ഉല്പ. 1:26, 3:22) മനുഷ്യന്റെ പാപ പരിഹാരത്തിനായി യാഗമാകുന്ന കുഞ്ഞാടായും വെളിപ്പെടുത്തിയിരിക്കുന്നു (ഉല്പ. 3:15,21). ബൈബിളിലെ അവസാന പുസ്തകമായ വെളിപ്പാടിൽ യേശുവിനെ ലോകസ്ഥാപനം മുതൽ അറുക്കപ്പെട്ട കുഞ്ഞാടെന്ന് പറഞ്ഞിരിക്കുന്നു (വെളി. 13:8).

യിസ്രായേൽ ജനം എല്ലാവർഷവും പെസഹ ആചരിക്കുമ്പോൾ മുഴു യിസ്രായേലിന്റെ പാപപരിഹാരത്തിനായി പെസ

ഹാകുഞ്ഞാടിനെ യാഗം കഴിക്കുക പതിവാണ്. എന്നാൽ നമ്മുടെ പെസഹാകുഞ്ഞാടാകുന്ന ക്രിസ്തു യിസ്രായേലിനു വേണ്ടി മാത്രമല്ല മുഴുവൻ ലോകത്തിന്റെ പാപങ്ങൾക്കുവേണ്ടി യാണ് കാൽവറിയിൽ യാഗമായിത്തീർന്നതെന്ന് തിരുവചനം പറ യുന്നു. “നമ്മുടെ പെസഹാകുഞ്ഞാടും അറുക്കപ്പെട്ടിരിക്കുന്നു; ക്രിസ്തു തന്നെ” (1 കൊരി. 5:7).

നമ്മുടെ വ്യർത്ഥവും പിതൃപാരമ്പര്യവുമായുള്ള നട പ്പിൽനിന്നും സകല പാപശാപത്തിൽനിന്നും നമ്മെ വീണ്ടെടു ത്തിരിക്കുന്നത് ക്രിസ്തു എന്ന നിർദോഷവും നിഷ്ക്കളങ്കവു മായ കുഞ്ഞാടിന്റെ വിലയേറിയ രക്തംകൊണ്ടത്രേ എന്ന് അപ്പോസ്തലനായ പത്രോസ് പറഞ്ഞിരിക്കുന്നു (1 പത്രോ. 18:19).

വെളിപ്പാട് പുസ്തകത്തിൽ ആദിയോടന്തം യേശുക്രിസ്തു വിനെ കഞ്ഞാടെന്ന് സംബോധന ചെയ്തിരിക്കുന്നതായി കാണാവുന്നതാണ്. യേശുക്രിസ്തു മനുഷ്യകുലത്തിനുവേണ്ടി അറുക്കപ്പെട്ട ദൈവകുഞ്ഞാടാണ്. കാൽവറിയിൽ അറുക്കപ്പെട്ട അവന്റെ രക്തംകൊണ്ട് വീണ്ടെടുക്കപ്പെട്ട വിശുദ്ധന്മാരാണ് സ്വർഗ്ഗത്തിലുള്ളത്. (വെളി. 5:6, 8, 12; 6:1, 16; 7:9,10,14,17; 12:11; 13:8; 14:1, 4, 10; 15:3; 17:14; 19:7,9; 21:9, 14, 22, 23, 27; 22:1, 3). “ദൈവത്തിന്റെയും കുഞ്ഞാടിന്റെയും സിംഹാസനം അതിൽ ഇരിക്കും, അവന്റെ ദാസന്മാർ അവനെ ആരാധിക്കും, അവർ അവന്റെ മുഖം കാണും, അവന്റെ നാമം അവരുടെ ഇടയിൽ ഇരിക്കും (22:3-4).

മാന്യസുഹൃത്തേ,

യേശു നമ്മുടെ പാപങ്ങൾക്കുവേണ്ടി ക്രൂശിൽ യാഗമായ തിനാൽ പാപപരിഹാരത്തിനായി ഇനിയും ഒരു യാഗമോ നേർച്ച കാഴ്ചകളോ മറ്റു യാതൊരു കർമ്മമാർഗ്ഗങ്ങളും ചെയ്യേണ്ട ആവ ശ്യമില്ല. പാപത്തിന്റെ ശമ്പളമായ മരണം യേശു ഏറ്റതിനാൽ നാം ഇനിയും പാപത്തിൽ മരിക്കേണ്ടതില്ല. ഞാൻ തന്നേ

വഴിയും സത്യവും ജീവനും ആകുന്നു എന്നു പറഞ്ഞ മരണത്തെ ജയിച്ചവനും ഇന്നും എന്നും എന്നേക്കും ജീവിക്കുന്നവനുമായ കർത്താവായ യേശുവിൽ വിശ്വസിക്കുക. ദൈവം വാഗ്ദത്തം ചെയ്ത നിത്യജീവൻ പ്രാപിക്കുവാൻ, സ്വർഗ്ഗീയ പറുദീസയുടെ ഉടമയായിത്തീരുവാൻ യേശുവിൽ വിശ്വസിച്ചുകൊണ്ട് പാപങ്ങളെ കർത്താവിനോടു ഏറ്റുപറയുക. കർത്താവിനോട് (യേശുവിനോട്) പാപങ്ങളെ ഏറ്റുപറയുമ്പോൾ അവൻ നമ്മുടെ പാപങ്ങൾ ക്ഷമിച്ച് സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിപ്പാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു (1 യോഹ. 1:9).

സ്നേഹിതാ! താങ്കൾ പാപഭാരത്താൽ കഴിയുന്ന വ്യക്തിയോ? ജീവിതത്തിൽ പ്രത്യാശയില്ലാത്ത വ്യക്തിയോ? മരണശേഷം സ്വർഗ്ഗത്തിൽ കാണുമെന്നുള്ള ഉറപ്പില്ലാത്ത വ്യക്തിയെങ്കിൽ, താങ്കൾ ആയിരിക്കുന്ന അവസ്ഥയിൽ യേശുവിനോടു ഇപ്രകാരം പ്രാർത്ഥിക്കുമോ: “യേശുവേ, അങ്ങ് എനിക്കായി ക്രൂശിൽ യാഗമായി എന്നു ഞാൻ വിശ്വസിക്കുന്നു. എന്റെ പാപങ്ങൾ എന്നോടു ക്ഷമിക്കേണമേ. അവിടുന്നു ചൊരിഞ്ഞ രക്തത്താൽ എന്നെ കഴുകി ശുദ്ധീകരിക്കേണമേ. എന്നെ അവിടുത്തെ ഇഷ്ടത്തിനായി സമർപ്പിക്കുന്നു.

ദൈവം താങ്കളെ അനുഗ്രഹിക്കട്ടെ.

# ജീവങ്കലേക്കുള്ള വഴി

'അതുകൊണ്ടു സഹോദരന്മാരേ, യേശു തന്റെ ദേഹം എന്ന തിരശ്ശീലയിൽ കൂടി നമുക്കു പ്രതിഷ്ഠിച്ച **ജീവനുള്ള പുതുവഴി**യായി തന്റെ രക്തത്താൽ വിശുദ്ധ മന്ദിരത്തിലേക്കുള്ള പ്രവേശനത്തിനു ധൈര്യവും ദൈവാലയത്തിന്മേൽ ഒരു മഹാപുരോഹിതനും നമുക്കുള്ളതുകൊണ്ട് നാം... വിശ്വാസത്തിന്റെ പൂർണ്ണനിശ്ചയം പൂണ്ടു പരമാർത്ഥഹൃദയത്തോടെ അടുത്തു ചെല്ലുക (എബ്രാ. 10:19-22).

യേശുവിന്റെ തിരുശരീരം ക്രൂശിൽ തകർത്തുകൊണ്ട് ദൈവം മാനവജാതിക്കുവേണ്ടി തുറന്നു തന്നിരിക്കുന്ന **ജീവനുള്ള പുതുവഴി**യെക്കുറിച്ചാണ് മുകളിൽ ഉദ്ധരിച്ച വേദഭാഗത്തു പറഞ്ഞിരിക്കുന്നത്. ഒരു പുതിയ നാഷണൽ ഹൈവേയോ (National High Way) ഒരു പുതിയ പാലമോ (Bridge) പണിതു തീർന്നശേഷം അതിന്റെ പ്രതിഷ്ഠാ കർമ്മം (Inauguration) നിർവ്വഹിച്ച് പൊതുജനത്തിനു സമർപ്പിക്കുന്നത് നാം കണ്ടിട്ടുണ്ടല്ലോ? ആയതുപോലെ സകല ആത്മാക്കളുടെയും ഉടയവനായ ദൈവം തന്റെ പുത്രനായ ക്രിസ്തുവിനെ ക്രൂശിൽ ബലി അർപ്പിച്ചുകൊണ്ട് അഥവാ പ്രതിഷ്ഠിച്ച് തുറന്നു തന്നിരിക്കുന്ന ജീവനുള്ള വഴിയാണ് യേശുക്രിസ്തു എന്ന് മുകളിൽ പറഞ്ഞിരിക്കുന്നതിനാൽ ഇത് മരണത്തിലേക്കുള്ള (നരകം) വഴിയല്ല, പിന്നെയോ ജീവങ്കലേക്കു, നിത്യജീവങ്കലേക്കുള്ള ഏക വഴി ഇതാകുന്നു എന്ന സത്യമാണ് വിളിച്ചറിയിക്കുന്നത്. ക്രിസ്തു മരണത്തെ ജയിച്ച് എന്നേക്കും ജീവിച്ചിരിക്കുന്നതിനാൽ ക്രിസ്തുവാകുന്ന വഴിയിൽകൂടി നടക്കുന്നവർ ജീവനിൽ ചെന്നെത്തുക തന്നേ ചെയ്യും. അവനിലല്ലോ നാം ജീവിക്കയും ചരിക്കയും ഇരിക്കയും ചെയ്യുന്നത് എന്ന് തിരുവചനം പറയുന്നു (അ.പ്ര. 17:28).

ഇത് മനുഷ്യനിർമ്മിതമായ വഴിയല്ല. ദൈവം തന്നേ ഒരുക്കിതന്ന വഴിയാണ്. സൃഷ്ടാവായ ദൈവം സൃഷ്ടിച്ച സകലവും അതിമനോഹരമായി സൃഷ്ടിച്ചിരിക്കുന്നതിനാൽ, അതിനേക്കാൾ നല്ലതായി മറ്റാർക്കും സൃഷ്ടിപ്പാൻ കഴിയാത്തതുപോലെ മനുഷ്യന്റെ രക്ഷക്കുവേണ്ടി ദൈവം ഒരുക്കിയ വഴിയും ഏറ്റവും ഉത്തമമായിട്ടുള്ളതാണ്. പാപത്തിൽ കഴിയുന്ന മനുഷ്യവർഗ്ഗത്തെ വീണ്ടെടുത്ത് സ്വർഗ്ഗരാജ്യത്തിലെത്തിക്കുവാൻ ക്രിസ്തുവിലൂടെ ദൈവം ഒരുക്കിയ വഴിയെക്കാൾ നല്ലതായ-ഉത്തമമായ വേറൊരു വഴിയോ മാർഗ്ഗമോ മനുഷ്യരുടെ മുമ്പിലില്ല. മനുഷ്യരുടെ പാപങ്ങൾക്കു പരിഹാരം ഉണ്ടാക്കിയശേഷം സ്വർഗ്ഗത്തിൽ മഹിമയുടെ വലത്തുഭാഗത്തിരിക്കുന്ന കർത്താവാണവൻ (എബ്രാ. 1:3). മാത്രമല്ല മനുഷ്യനെയും ദൈവത്തെയും തമ്മിൽ ബന്ധിപ്പിക്കുന്ന ഏക വഴിയാണിത്.

മാന്യ സ്നേഹിതാ! ദൈവം ഒരുക്കിതന്ന ഈ വഴിയിൽകൂടി യാത്രചെയ്ത് സ്വർഗ്ഗരാജ്യത്തിൽ കടക്കുവാൻ തീരുമാനിക്കുമോ? ഒരു വലിയ സമൂഹം ഈ വഴിയിൽകൂടി യാത്രചെയ്ത് തങ്ങൾ പ്രിയംവെച്ച ലക്ഷ്യസ്ഥാനത്തു എത്തിച്ചേർന്നു. അനേകായിരങ്ങൾ ഈ വഴിയിൽ യാത്ര ചെയ്തുകൊണ്ടിരിക്കുന്നു. താങ്കളും ആ കൂട്ടത്തിൽ ഒരുവനോ? അല്ലായെങ്കിൽ ലക്ഷ്യത്തിലേക്കുള്ള ഈ യാത്രയിൽ പങ്കാളിയാകുവാൻ ഇപ്പോൾ തന്നെ തീരുമാനിക്കുക.

യേശു തന്റെ ജീവനെ വെടിഞ്ഞപ്പോൾ യെരുശലേം ദേവാലയത്തിലെ തിരശ്ശീല മേൽ തൊട്ട് അടിയോളം രണ്ടായി ചീന്തിപ്പോയതായി രേഖപ്പെടുത്തിയിരിക്കുന്നു (മത്താ. 27:51; മർക്കോ. 15:38; ലൂക്കോ. 23:45). പുരോഹിതന്മാർ സന്ധ്യാസമയത്ത് ആലയത്തിൽ ശുശ്രൂഷിച്ചുകൊണ്ടിരുന്ന സമയത്താണ് വിശുദ്ധസ്ഥലവും അതിവിശുദ്ധസ്ഥലവും തമ്മിൽ വേർതിരിക്കപ്പെട്ടിരുന്ന അതിമനോഹരമായ തിരശ്ശീല മേൽതൊട്ട് രണ്ടായി ചീന്തിയത്. ഈ സംഭവം വിശുദ്ധസ്ഥലത്തു ശുശ്രൂഷിച്ചുകൊണ്ടിരുന്ന പുരോഹിതന്മാർ തീർച്ചയായും കണ്ടിരിക്കാം. ഇത് മനുഷ്യകരങ്ങളാൽ കീറപ്പെട്ടതല്ല. പിന്നെയോ, ഇത് ദൈവത്താൽ സംഭവി

ച്ചതാണ്. അനേക മർമ്മങ്ങൾ ഇത് വിളിച്ചറിയിക്കുന്നുണ്ട്. മഹാപുരോഹിതനു മാത്രം ആണ്ടിൽ ഒരിക്കൽ രക്തവുമായി അതിവിശുദ്ധ സ്ഥലത്തു പ്രവേശിക്കുവാൻ അനുവദിക്കപ്പെട്ടിരുന്ന സ്ഥലത്ത് ഇപ്പോൾ ഒരു യാഗത്തിന്റെയും ആവശ്യമില്ലാതെ യേശുവിന്റെ പരമയാഗത്തിൽ വിശ്വസിക്കുന്ന ഒരുവന് ഭയംകൂടാതെ, യാതൊരു തടസ്സവും ഇല്ലാതെ ധൈര്യത്തോടെ ദൈവസന്നിധിയിൽ അടുത്തു ചെല്ലുവാൻ സാധിക്കും എന്നാണ് ഇത് വ്യക്തമാക്കുന്നത്. കൈപ്പണിയല്ലാത്ത സ്വർഗ്ഗീയ ആലയത്തിൽ യേശു നമ്മുടെ മഹാപുരോഹിതനായിട്ടുള്ളതുകൊണ്ട് ഒരു മദ്ധ്യസ്ഥന്റെയോ യാഗത്തിന്റെയോ ആവശ്യകതയില്ലാതെ ഏതൊരു പാപിക്കും ധൈര്യത്തോടു കൃപാസനത്തിനു മുമ്പിൽ കടന്നു ചെന്ന് തന്റെ പാപങ്ങൾ കർത്താവിനോടു നേരിട്ട് ഏറ്റുപറഞ്ഞ് പാപക്ഷമ പ്രാപിക്കുവാൻ കഴിയുന്നതാണ്. പാപംമൂലം ദൈവത്തിൽനിന്നും ദൂരസ്ഥനായിരുന്ന മനുഷ്യവർഗ്ഗത്തെ ദൈവത്തോടു അടുപ്പിക്കുവാൻ യേശു തന്റെ ദേഹം എന്ന തിരശ്ശീല ക്രൂശിൽ ചീന്തി. യഹൂദനും ജാതിയും തമ്മിലുള്ള വേർപാടിന്റെ നടുച്ചുവർ ക്രൂശിൽവെച്ച് ഇടിച്ചുകളഞ്ഞുകൊണ്ട് ഇരുപക്ഷത്തെയും ക്രിസ്തുവിൽ ഒന്നാക്കി തീർത്തിരിക്കുന്നു. ക്രിസ്തുവിൽ യെഹൂദനും യവനനും (ജാതി) എന്നില്ല, ദാസനും സ്വതന്ത്രനും എന്നില്ല... നിങ്ങൾ എല്ലാവരും ക്രിസ്തുയേശുവിൽ ഒന്നത്രേ (ഗലാ. 3:28).

**"അവൻ കോപിച്ചിട്ടു നിങ്ങൾ വഴിയിൽവെച്ചു നശിച്ചുപോകാതിരിപ്പാൻ പുത്രനെ (യേശുവിനെ) ചുംബിപ്പിൻ"**

(സങ്കീ. 2:12).

നാം നമ്മുടെ സ്നേഹം പ്രകടമാക്കുകയാണല്ലോ ചുംബനംകൊണ്ട് അർത്ഥമാക്കുന്നത്. തന്റെ ജീവൻ നൽകി നമ്മെ സ്നേഹിച്ച കർത്താവിനോടുള്ള സ്നേഹം നാം പ്രകടമാക്കുന്നത്: "അവന്റെ കല്പനകളെ പ്രമാണിക്കുന്നതിനാലാകുന്നു" എന്ന് തിരുവചനത്തിൽ പറഞ്ഞിരിക്കുന്നു.

"നിങ്ങൾ എന്നെ സ്നേഹിക്കുന്നു എങ്കിൽ എന്റെ കല്പനകളെ കാത്തുകൊള്ളും" (യോഹ. 14:15).

“എന്റെ കല്പനകൾ ലഭിച്ചു പ്രമാണിക്കുന്നവൻ എന്നെ സ്നേഹിക്കുന്നവൻ ആകുന്നു. എന്നെ സ്നേഹിക്കുന്നവനെ എന്റെ പിതാവു സ്നേഹിക്കുന്നു. ഞാനും അവനെ സ്നേഹിച്ചു അവന്നു എന്നെത്തന്നേ വെളിപ്പെടുത്തും” (യോഹ. 14:21).

“എന്നെ സ്നേഹിക്കുന്നവൻ എന്റെ വചനം പ്രമാണിക്കും.... എന്നെ സ്നേഹിക്കാത്തവൻ എന്റെ വചനം പ്രമാണിക്കുന്നില്ല” (യോഹ. 14:23-24).

“നിങ്ങൾ എന്റെ കല്പനകൾ പ്രമാണിച്ചാൽ എന്റെ സ്നേഹത്തിൽ വസിക്കും” (യോഹ. 15:10).

“അവന്റെ കല്പനകളെ പ്രമാണിക്കുന്നതല്ലോ ദൈവത്തോടുള്ള സ്നേഹം. അവന്റെ കല്പനകൾ ഭാരമുള്ളവയല്ല” (1 യോഹ. 5:3).

ദൈവത്തിന്റെ കല്നകളെ പ്രമാണിക്കുന്ന ഒരുവനാണ് യഥാർത്ഥമായി കർത്താവിനെ സ്നേഹിക്കുന്നവൻ എന്ന് മുകളിൽ ഉദ്ധരിക്കപ്പെട്ട വേദഭാഗങ്ങളിൽ കാണുന്നുവല്ലോ? ദൈവത്തിന്റെ കല്പനകൾ ഭാരമുള്ളവയല്ല എന്ന് വിശുദ്ധ യോഹന്നാൻ പറഞ്ഞിരിക്കുന്നു. ദൈവത്തിന്റെ പരമപ്രധാനമായ കല്പന “കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിക്കുകയും നാം അന്യോന്യം സ്നേഹിക്കുകയും ചെയ്യുക” എന്നാണ് (1 യോഹ. 3:23).

ഒരിക്കൽ ജനം യേശുവിനോട് : “ദൈവത്തിനു പ്രസാദമുള്ള പ്രവർത്തികളെ പ്രവർത്തിക്കേണ്ടതിനു ഞങ്ങൾ എന്തു ചെയ്യേണം” എന്നു ചോദിച്ചതിനു: യേശു അവരോട് : “ദൈവത്തിനു പ്രസാദമുള്ള പ്രവർത്തി അവൻ (ദൈവം) അയച്ചവനിൽ (ക്രിസ്തു) നിങ്ങൾ വിശ്വസിക്കുന്നതത്രേ (യോഹ. 6:28-29).

മാന്യ സ്നേഹിതാ! എനിക്കും നിങ്ങൾക്കും വേണ്ടി കാൽവറിയിൽ ക്രൂശിൽ മരിച്ച യേശുവിനെ ഇപ്പോൾ വിശ്വാസത്താൽ ചുംബിച്ചാൽ, സ്നേഹിച്ചാൽ, അവന്റെ കല്പനകൾ പ്രമാണിച്ചാൽ, നശിക്കാതെ നിങ്ങൾക്ക് നിത്യജീവൻ പ്രാപിക്കാൻ കഴിയും.

# എന്റെ അനുഭവം

ഇന്നേക്ക് 47 വർഷങ്ങൾക്കുമുമ്പ് ഈ ലേഖകൻ ഇന്ത്യൻ എയർഫോഴ്സിൽ (Air Force) സേവനം അനുഷ്ഠിച്ചുവരുമ്പോൾ കർത്താവായ യേശുവിനെ ഹൃദയത്തിൽ കർത്താവും രക്ഷിതാവുമായി സ്വീകരിക്കുവാൻ ദൈവം കൃപ ചെയ്തു. അന്നുമുതൽ എന്റെ ജീവിതം സന്തോഷവും സമാധാനവും പ്രത്യാശയും ഉള്ളതായി മാറി. അതിനുമുൻപുള്ള എന്റെ ജീവിതം പാപവഴികളിൽ ആയിരുന്നു. നല്ല യൗവനവും, കയ്യിൽ ആവശ്യത്തിലേറെ കാശും ഉള്ളതിനാൽ കൂട്ടുകാരുമൊത്ത് ജീവിതം ധൂർത്തടിച്ചുകൊണ്ടിരുന്നു. ഒരു ക്രിസ്തീയ കുടുംബത്തിൽ ജനിച്ചുവളർന്നുവെങ്കിലും രക്ഷയെക്കുറിച്ചുള്ള സന്ദേശം ചെറുപ്രായത്തിൽ ചില യോഗങ്ങളിൽവെച്ച് കേട്ടിട്ടുണ്ടെങ്കിലും അതിനുശേഷം രക്ഷ എന്താണെന്നും രക്ഷിക്കപ്പെടേണ്ടതിന്റെ ആവശ്യകതയെപ്പറ്റിയും ഞാൻ ഉൾപെട്ടുനിന്നിരുന്ന ക്രിസ്തീയ സമൂഹം മനസ്സിലാക്കി തന്നിരുന്നില്ല.

ഞാൻ കാൺപൂർ (Kanpur, U.P.) എന്ന സ്ഥലത്തായിരിക്കുമ്പോൾ എന്റെ ഒരു സ്നേഹിതന്റെ ക്ഷണപ്രകാരം എയർഫോഴ്സ് ക്വാർട്ടേഴ്സിൽ നടന്നുകൊണ്ടിരുന്ന ഒരു പ്രാർത്ഥന കൂട്ടത്തിനു സംബന്ധിക്കുവാൻ ഇടയായി. ചില മാസങ്ങൾ തുടർമാനമായി ആ പ്രാർത്ഥനാകൂട്ടത്തിൽ സംബന്ധിച്ചുകൊണ്ടിരുന്നു. ഒരു മനുഷ്യൻ സർവ്വലോകവും നേടീട്ടും തന്റെ ആത്മാവിനെ നഷ്ടമാക്കിയാൽ അവന്നു എന്തു പ്രയോജനം എന്ന് യേശു പറഞ്ഞ സന്ദേശവും, മരണാനന്തരം നിന്റെ നിത്യത എവിടെ എന്നുള്ള ചോദ്യവും എന്നെ വളരെ ചിന്തിപ്പിച്ചു. ഞാൻ പൊയ്ക്കൊണ്ടിരുന്ന പാപവഴിയിൽ തുടർന്നാൽ ഒടുവിൽ ചെന്നെത്തുന്നത് നിത്യനരകത്തിലേക്കായിരിക്കുമെന്ന് എന്റെ

അന്തരാത്മാവ് എന്നോടുതന്നെ സംസാരിച്ചുകൊണ്ടിരുന്നു. തിരുവചനത്തിൽ പറഞ്ഞിരിക്കുന്നത് സത്യമെന്നു ബോധ്യമായെങ്കിലും ഇത്ര യൗവ്വനത്തിൽ ഈ ലോക ഇമ്പങ്ങളെയും സുഹൃത്തുക്കളെയും പാരമ്പര്യ ആരാധനയേയും ഒക്കെ വിട്ടിട്ട് കർത്താവിനെ പിൻപറ്റുന്ന കാര്യം വേണ്ടാ എന്നു തീരുമാനിച്ചു മുൻപോട്ടുപൊയ്ക്കൊണ്ടിരുന്നു. എങ്കിലും എല്ലാ ആഴ്ചയിലും നടന്നുകൊണ്ടിരുന്ന പ്രാർത്ഥനകൂട്ടത്തിനു പോകുവാൻ ദൈവാത്മാവ് ഹേമിച്ചുകൊണ്ടിരുന്നു. ഇതിനോടകമായി ചില അനർത്ഥങ്ങളും, കഷ്ടങ്ങളും ജീവിതത്തിൽ വന്നു സംഭവിച്ചതുമൂലം സമാധാനമില്ലാത്തവനായി തീർന്നപ്പോൾ ഇത് ദൈവത്തിന്റെ കരസ്പർശനമാണെന്ന് മനസ്സിലാക്കുവാൻ കഴിഞ്ഞു. ഒരു ദിവസം ദൈവശബ്ദത്തിങ്കൽ എന്നെ സമർപ്പിച്ച് എന്റെ പാപങ്ങൾ ഏറ്റുപറഞ്ഞ് യേശുവിനെ ഹൃദയത്തിൽ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. എന്റെമേൽ കർത്തൃത്വം നടത്തിക്കൊണ്ടിരുന്ന പാപത്തിന്റെ ശക്തിയിൽനിന്നും സ്വാതന്ത്ര്യം പ്രാപിച്ചു. പാപഭാരം എന്നിൽനിന്നും നീങ്ങിപ്പോയി. ദൈവിക സമാധാനത്താലും സന്തോഷത്താലും ഹൃദയം നിറയപ്പെട്ടു. മരണഭീതി ജീവിതത്തിൽനിന്നും ഓടിപ്പോയി. നിത്യജീവന്റെ അവകാശിയായിത്തീർന്നിരിക്കുന്നു എന്നുള്ള പ്രത്യാശയും ഉറപ്പും ഹൃദയത്തിൽ വന്നു. മദ്യപാനം, സിഗരറ്റുവലി തുടങ്ങിയവ ജീവിതത്തിൽനിന്നും പൂർണ്ണമായി ഉപേക്ഷിച്ചു. എന്റെ ജീവിതത്തിൽ വന്ന മാറ്റം കണ്ടിട്ട് സ്നേഹിതന്മാരും സഹജോലിക്കാരും ആശ്ചര്യപ്പെട്ടു. യേശു എന്നെ രക്ഷിച്ചതിനെക്കുറിച്ച് കൂട്ടുകാരോടും കുടെയുള്ള ജോലിക്കാരോടും സാക്ഷീകരിച്ചു. മദ്യത്തിനും, സിഗരറ്റിനും മറ്റു വെറിക്കൂത്തുകൾക്കും വിനിയോഗിച്ച പണം ഭവനത്തിലെ ആവശ്യങ്ങൾക്കു അയച്ചുകൊടുത്ത് സഹായിപ്പാൻ സാധിച്ചു. ദൈവവചനം വായിച്ചു മനസ്സിലാക്കുവാനും തിരുവചനസത്യങ്ങൾ അനുസരിച്ചു ജീവിക്കുവാനും ഞാൻ എന്നെ സമർപ്പിച്ചു. കഴിഞ്ഞ ദീർഘവർഷങ്ങൾ കർത്താവിന്റെ വഴിയിൽ നടപ്പാൻ ദൈവം സഹായിച്ചുകൊണ്ടിരിക്കുന്നു. എന്റെ നല്ല

യൗവ്വനകാലത്തു കർത്താവിനെ കണ്ടുമുട്ടിയത് വലിയ ഭാഗ്യമായി ഞാൻ കാണുന്നു.

മാന്യ സഹോദരാ, സഹോദരി, എന്റെ ജീവിതാനുഭവമാണ് മുകളിൽ പ്രസ്താവിച്ചത്. താങ്കൾ പാപഭാരത്താൽ കഴിയുന്ന ഒരു വ്യക്തി ആകുന്നുവോ? പാപവഴികളെ ഉപേക്ഷിച്ച് ഒരു നല്ല ജീവിതം നയിപ്പാൻ ഹൃദയത്തിൽ ആഗ്രഹം ഉണ്ടെങ്കിലും അതു സാധിക്കാതെ എന്നും പരാജിതനായി കഴിയുന്നുവോ? താങ്കളുടെ അദ്ധ്വാനഫലം, ഭാര്യയും, മക്കളും മാതാപിതാക്കളും അനുഭവിക്കേണ്ടത് മദ്യത്തിനും മറ്റും ദുർവിനിയോഗം ചെയ്ത് ഭവനത്തിൽ സന്തോഷവും സമാധാനവും ഇല്ലാത്ത അവസ്ഥയിലായിരിക്കുന്നുവോ? എന്നെ രക്ഷിച്ച യേശു താങ്കളെയും രക്ഷിച്ച് ജീവിതത്തിൽ സന്തോഷവും സമാധാനവും പ്രത്യാശയും നൽകി ജീവിതം ധന്യമാക്കിതീർക്കുവാൻ സഹായിക്കും. അതിനായി താങ്കൾ സമർപ്പിക്കുമോ?

അല്ലയോ യൗവ്വനക്കാരാ! നിന്റെ യൗവ്വന കാലത്തു നിന്റെ സ്രഷ്ടാവിനെ ഓർത്തുകൊൾക എന്ന് ദൈവം അരുളിച്ചെയ്യുന്നു (സഭാ.പ്ര. 12:1). എല്ലാറ്റിന്റെയും സാരം കേൾക്കുക; ദൈവത്തെ ഭയപ്പെട്ടു അവന്റെ കല്പനകളെ പ്രമാണിച്ചുകൊൾക, അതാകുന്നു സകല മനുഷ്യർക്കും വേണ്ടുന്നത് (സഭാ.പ്ര. 12:13).

ഒരു നിമിഷം ജീവിതത്തിലേക്കു ഒന്നു തിരിഞ്ഞുനോക്കുമോ? താങ്കളെ സ്നേഹിച്ച് ജീവൻ തന്ന യേശുവിന്റെ മുഖത്തേക്കുനോക്കി ‘യേശുവേ എന്നെ രക്ഷിക്കേണമേ’ എന്ന് ഹൃദയത്തിൽ നിന്നും പറയുമോ?

മാന്യസുഹൃത്തേ!

ക്രിസ്തുവാകുന്ന വഴിയെക്കുറിച്ച് മുകളിൽ പ്രസ്താവിച്ചത് താങ്കൾ വായിച്ചു എന്നു കരുതട്ടെ. താങ്കൾ പഠിച്ച് മനസ്സിലാക്കിയിരിക്കുന്നതും, പാരമ്പര്യമായി ആചരിച്ചുവരുന്ന ആചാരങ്ങൾക്കും, സമ്പ്രദായങ്ങൾക്കും വ്യത്യസ്ഥമായ ഒരു വഴിയെക്കുറിച്ച് പറഞ്ഞിരിക്കുന്നതിനാൽ പല ചോദ്യങ്ങളും സംശയ

ങ്ങളും അഭിപ്രായങ്ങളും മനസ്സിൽ ഉണ്ടാകാം. അത് സ്വാഭാവികമാണ്. അവ ഞങ്ങളുമായി പങ്കുവച്ചാൽ ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകി സഹായിക്കാൻ ഞങ്ങൾക്ക് സാധിക്കും.

യേശുക്രിസ്തു, ക്രിസ്ത്യാനികൾ ആരാധിക്കുന്ന ആരാധ്യപുരുഷനായിട്ടാണ് ഇതര മതവിശ്വാസികളായ സഹോദരീസഹോദരന്മാർ കാണുന്നതും അറിയുന്നതും. എന്നാൽ മുകളിൽ പ്രസ്താവിച്ചതുപോലെ, യേശു ഈ പ്രപഞ്ചവും, അതിലുള്ള സകലവും സൃഷ്ടിച്ച സൃഷ്ടാവാം ദൈവവും, സ്വർഗ്ഗത്തിൽ ദൂതന്മാർ ആരാധിക്കുന്ന ജീവനുള്ള കർത്താവും, മനുഷ്യവർഗ്ഗത്തിന്റെ പാപത്തിനു പരിഹാരമുണ്ടാക്കിയ സർവ്വലോക രക്ഷിതാവും, തന്റെ ജനത്തെ ചേർത്തുകൊള്ളുവാൻ വീണ്ടും വരുവാൻ പോകുന്ന കർത്താവുമാണെന്നുള്ള സത്യം ഒന്നുകൂടി ഓർപ്പിച്ചുകൊള്ളട്ടെ.

യേശുക്രിസ്തു സകല മാനവജാതിയുടെ രക്ഷിതാവായിട്ടാണ് ഈ ലോകത്തിൽ അവതരിച്ചത് (Saviour of the world). സകല മനുഷ്യരുടെ പാപവും ശാപവും വഹിച്ചുകൊണ്ട് യേശു ക്രൂശിൽ മരിച്ചു. യേശു നമുക്കുവേണ്ടി ക്രൂശിൽ യാഗമായി തീർന്നതിനാൽ നമ്മുടെ പാപ പരിഹാരത്തിനായി ഇനിയും യാതൊരു കർമ്മാചാരങ്ങളും ചെയ്യേണ്ടതില്ല. യേശുവിൽ വിശ്വസിച്ചുകൊണ്ട് പാപങ്ങളെ യേശുവിനോടു ഏറ്റുപറഞ്ഞാൽ യേശുവിന്റെ രക്തം സകല പാപവും പോക്കി ശുദ്ധീകരിക്കുകയും നീതീകരിക്കുകയും ചെയ്യും. അങ്ങിനെ ദൈവത്തിന്റെ നീതിമാൻ, ദൈവമകൻ (മകൾ) എന്ന പദവി ദൈവത്തിൽനിന്നും ലഭിക്കുന്നു.

മാന്യസ്നേഹിതാ, തന്റെ ജനത്തെ ചേർത്തുകൊള്ളുവാൻ യേശു വീണ്ടും വരും. തിരുവെഴുത്തിൽ ഇത് ആവർത്തിച്ചാവർത്തിച്ച് പറഞ്ഞിരിക്കുന്നു. താങ്കൾ വിശ്വസിച്ചാലും ഇല്ലെങ്കിലും 'വരുവാനുള്ളവൻ വരും താമസിക്കയുമില്ല' എന്ന് വിശുദ്ധ വേദപുസ്തകത്തിൽ പറഞ്ഞിരിക്കുന്നു.

യേശുവിന്റെ വരവിനു മുമ്പായി നടക്കേണ്ടുന്ന ഓരോ സംഭവങ്ങൾ ഇന്നു നടന്നുകൊണ്ടിരിക്കുന്നു. ജാതി ജാതിയോടും, രാജ്യം രാജ്യത്തോടും എതിർക്കുന്നു (മത്താ. 24:7). യുദ്ധങ്ങളും യുദ്ധശ്രുതിയും പരക്കെ കേൾക്കുന്നു (മത്താ. 24:6). ഭൂകമ്പങ്ങൾ, സുനാമി ക്ഷാമം, മഹാവ്യാധികൾ (മത്താ. 24:7, 21:11) കടലിന്റെയും ഓളത്തിന്റെയും മുഴക്കം (ലൂക്കോ. 21:25) ആകാശത്തിന്റെ ലക്ഷണങ്ങൾ (ലൂക്കോ.21:26) അന്ത്യകാല ആത്മീയ അധാർമ്മിക ലക്ഷണങ്ങൾ (2 തിമൊ. 3:1–3) ബൈബിൾ പ്രവചനങ്ങൾ പടിപടിയായി നിറവേറിക്കൊണ്ടിരിക്കുന്നു. അതുകൊണ്ടു തന്നെ സമീപ ഭാവിയിൽ സംഭവിക്കേണ്ട ഒരു സംഭവമാണ് യേശുക്രിസ്തുവിന്റെ വീണ്ടുംവരവെന്ന് നിസ്സംശയം പറയാൻ സാധിക്കും. യേശു വന്ന് തന്റെ ജനത്തെ സ്വർഗ്ഗത്തിൽ ചേർത്തുകൊണ്ടാൽ പിന്നെ ഈ ഭൂമിയിൽ അവശേഷിക്കുന്നത് യേശുവിൽ വിശ്വസിക്കാതെ തള്ളപ്പെട്ടവരാണ്. അവരുടെ അന്ത്യം നിത്യനാശം (നരകം) ആയിരിക്കുമെന്ന് ഓർപ്പിച്ചുകൊള്ളട്ടെ. താങ്കൾ, യേശുകർത്താവിന്റെ വരവിങ്കൽ എടുത്തുകൊള്ളപ്പെടുന്നവരുടെ കൂട്ടത്തിലോ അതോ തള്ളപ്പെടുന്നവരുടെ കൂട്ടത്തിലോ? ഈ സന്ദേശം നിസ്സാരമായി തള്ളിക്കളഞ്ഞാൽ നഷ്ടമാകുന്നത് നിത്യജീവനാണെന്ന് അറിയുക.

താങ്കൾ ഇതുവരെയും നിത്യജീവന്റെ അവകാശിയായി തീർന്നിട്ടില്ല എങ്കിൽ, താങ്കളുടെ മരണശേഷം സ്വർഗ്ഗീയ പറുദീസയിൽ കാണണമെന്നാഗ്രഹിക്കുന്നുവെങ്കിൽ ഒരുനിമിഷം ക്രൂശിൽ മരിച്ച യേശുവിനെ നോക്കി ഇപ്രകാരം പ്രാർത്ഥിക്കുക.

“യേശുവേ, അങ്ങ് എന്റ പാപങ്ങൾ വഹിച്ചുകൊണ്ട് ക്രൂശിൽ മരിച്ചു എന്നു ഞാൻ വിശ്വസിക്കുന്നു. എന്റെ പാപങ്ങൾ ക്ഷമിച്ച് എന്നെ കൈക്കൊള്ളേണമേ. എന്റെ കർത്താവും രക്ഷിതാവുമായി ഞാൻ അങ്ങയെ എന്റെ ഹൃദയത്തിൽ സ്വീകരിക്കുന്നു.”

ദൈവം താങ്കളെ സമൃദ്ധിയായി അനുഗ്രഹിക്കട്ടെ.

# ഒരു പുതിയ വഴി
# ഒരു പുതിയ ആരംഭം

നെപ്പോളിയൻ ബോണപ്പാർട്ടിന്റെ സൈന്യമേധാവിക്ക് യുദ്ധത്തിൽ ഗുരുതരമായ മുറിവേറ്റു. പട്ടാളടെന്റിൽ അദ്ദേഹം മരണാസന്നനായി കിടക്കുമ്പോൾ നെപ്പോളിയനെ ഒന്നു കാണണമെന്ന ആഗ്രഹം പ്രകടിപ്പിച്ചു. അതിൻപ്രകാരം നെപ്പോളിയൻ അവിടേക്കു വന്നു. മരണാസന്നനായ സൈനിക മേധാവി കരുതിയതു നെപ്പോളിയൻ ചക്രവർത്തി തന്റെ ജീവൻ രക്ഷിക്കുമെന്നായിരുന്നു. എന്നാൽ നെപ്പോളിയനാകട്ടെ അദ്ദേഹത്തെ കണ്ടപ്പോൾ ഒന്നു തലകുലുക്കിയതിനുശേഷം ഒന്നും മിണ്ടാതെ വേഗം പുറത്തേക്കിറങ്ങിപോകുകയാണു ചെയ്തത്. ദയനീയമായ ആ രംഗത്തെക്കുറിച്ച് പുസ്തകത്തിൽ വിവരിച്ചിരിക്കുന്നത് ഇപ്രകാരമാണ്. 'ആ മനുഷ്യൻ തന്നെ കൊണ്ടുപോകാൻ വരുന്ന മരണത്തിന്റെ തണുത്തതും ദയയില്ലാത്തതുമായ കരങ്ങൾ തന്റെ മേൽ പിടിമുറുക്കുന്നത് വേദനയോടെ അറിഞ്ഞു. ഇതുവരെ കാണാത്ത ലോകത്തിന്റെ തിരശ്ശീലക്കപ്പുറത്തേക്ക് മരണം തന്നെ നിഷ്കരുണം വലിച്ചുകൊണ്ടു പോകുന്നത് നിസ്സഹായതയോടെ അയാൾ മനസ്സിലാക്കി. എന്നിട്ടും അയാൾ നെപ്പോളിയൻ മഹാരാജാവേ, എന്നെ രക്ഷിക്കണമേ, രക്ഷിക്കണമേ എന്ന് ഉറക്കെ നിലവിളിച്ചുകൊണ്ടിരുന്നു. എന്നാൽ മരണസമയത്ത് നെപ്പോളിയനും തന്നെ സഹായിക്കുവാനോ രക്ഷിക്കുവാനോ സാധിക്കുകയില്ലെന്ന് ഒടുവിൽ അയാൾ മനസ്സിലാക്കി.'

അതുപോലെ തന്നെ നമ്മെ ആത്മീയ മരണത്തിൽ നിന്നും രക്ഷിക്കുവാൻ യാതൊരു മനുഷ്യശക്തിക്കും കഴിയുകയില്ലെന്ന യാഥാർത്ഥ്യം നാം മനസ്സിലാക്കണം. കർത്താവായ യേശുക്രിസ്തുവിനു മാത്രമേ ഒരുവന്റെ ആത്മാവിനെ രക്ഷിക്കുവാൻ അധികാരമുള്ളു.

അമേരിക്കയിലെ മെറോക്ക് താഴ്‌വരയിലേക്ക് തിരിയുന്ന വഴിയോരത്ത് സ്ഥാപിച്ചിരിക്കുന്ന കൈചൂണ്ടിബോർഡിൽ ഇങ്ങനെയാണ് എഴുതിയിരിക്കുന്നത്: 'വഴിയില്ലെങ്കിൽ പിന്നെ എങ്ങും പോകാനില്ല. സത്യമില്ലെങ്കിൽ പിന്നെ ഒന്നും അറിയേണ്ടതില്ല. ജീവനില്ലെങ്കിൽ പിന്നെ ജീവിതവുമില്ല.' ജീവിതയാത്രയുടെ അന്ത്യത്തെക്കുറിച്ച് ബൈബിൾ വ്യക്തമാക്കുന്നത് ഒന്നുകിൽ പാപത്തിന്റെ ശിക്ഷാവിധിയായ നിത്യനരകമോ, അല്ലെങ്കിൽ ക്രിസ്തുവിലൂടെയുള്ള നിത്യജീവനോ ആണ്. രണ്ടു ലക്ഷ്യങ്ങളിൽ ഒന്നിലേക്ക് ജീവിതമാകുന്ന വലിയ യാത്രയുടെ അന്ത്യത്തിൽ നാം എത്തിച്ചേരുന്നു. മരണവഴിയിലൂടെ അവസാനം വരെ യാത്ര ചെയ്യാതെ തിരിഞ്ഞ് ജീവിതവഴിയിലേക്കു പ്രവേശിക്കുന്നവനത്രെ ബുദ്ധിമാൻ.

മരണത്തോടെ അവസാനിക്കാത്ത ജീവിതയാത്രയുടെ അന്ത്യം എന്തായിരിക്കുമെന്ന് ചിന്തിച്ച് ഇപ്പോൾതന്നെ ജീവിതം ക്രമപ്പെടുത്തുവാൻ ഉത്സാഹിക്കുക. ലോകത്തിന്റെ ആകർഷണം കണ്ട് ഭ്രമിക്കരുത്. ലോകം നിങ്ങളെ കീഴ്പ്പെടുത്തരുത്. ദൈവത്തിന്റെ വഴി തിരിച്ചറിഞ്ഞ് അതിലൂടെ നടക്കൂ, താമസിക്കരുത്. നിങ്ങളുടെ ലോകയാത്ര ഏതു സമയവും നിന്നുപോകാം. ആകയാൽ നിങ്ങളുടെ പാപങ്ങൾ മാഞ്ഞുകിട്ടേണ്ടതിന് മാനസാന്തപ്പെട്ട് തിരിഞ്ഞുകൊൾവിൻ (അ.പ്ര. 3:19). യേശുവിനെ കർത്താവെന്ന് വായ്കൊണ്ട് ഏറ്റുപറയുകയും ദൈവം അവനെ മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേൽപ്പിച്ചു എന്ന് ഹൃദയംകൊണ്ട് വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷിക്കപ്പെടും (റോമ. 10:9). അങ്ങനെയെങ്കിൽ ആത്മമരണത്തിൽ നിന്ന് അനശ്വരജീവനിലേക്ക് പ്രവേശിക്കുവാൻ കഴിയും.

**തികച്ചും ലളിതമായ വിശദീകരണം മാത്രമാണ് ഈ ചെറുപുസ്തകത്തിൽ നൽകിയിരിക്കുന്നത്. കൂടുതൽ വിശദീകരണം ആവശ്യമുള്ളവർ ഞങ്ങൾക്കെഴുതുക. സംശയങ്ങൾക്കും ചോദ്യങ്ങളും മറുപടി നൽകുന്നതാണ്. നിങ്ങളുടെ തീരുമാനം ദയവായി അറിയിക്കുക.**

# സത്യം അറിയുക
# സത്യം നിങ്ങളെ സ്വതന്ത്രരാക്കും

## ദൈവം

**ക്രൈസ്തവർക്ക് സങ്കൽപമല്ല,
യാഥാർത്ഥ്യവും സജീവമായ
അനുഭവവുമാണ്.**

## യേശുക്രിസ്തു

**ദൈവാവിഷ്കാരത്തിന്റെ
സമ്പൂർണ്ണതയാണ്**

## ബൈബിൾ

**ദൈവശ്വാസീയമായ
തിരുവെഴുത്താണ്**

## സുവിശേഷം

എന്നാൽ സദ്‌വർത്തമാനം എന്നാണർത്ഥം

## സുവിശേഷം

നിത്യജീവന്റെ സ്നേഹസന്ദേശമാണ്
സർവ്വജനത്തിനും വേണ്ടിയുള്ള മഹാസന്തോഷമാണ്

## ക്രിസ്തുമതം

എന്ന ഒരു മതം ഇല്ല

## യേശുക്രിസ്തു

ഒരു മതസ്ഥാപകനല്ല

## യേശുക്രിസ്തു

ഈ പ്രപഞ്ചത്തിന്റെ സൃഷ്ടിതാവാകുന്നു

## യേശുക്രിസ്തു

മനുഷ്യവർഗ്ഗത്തിന്റെ രക്ഷിതാവും കർത്താവുമാകുന്നു

## ദൈവത്തിന്

ജാതിയും മതവും മുഖപക്ഷവുമില്ല

**ഹൃദയത്തിൽ യേശുവിനെ സ്വീകരിക്കുക. ജീവിതത്തിൽ നിന്ന് ഇരുട്ട് ഒഴിഞ്ഞുപോകും. ശാശ്വത സമാധാനത്തിനും സന്തോഷത്തിനും മറ്റൊരു മാർഗ്ഗമില്ല.**

ഈ പുസ്തകം ആർക്കെങ്കിലും അയച്ചുകൊടുക്കണമെന്ന് നിങ്ങൾ ആഗ്രഹിക്കുന്നുവോ? എങ്കിൽ അവരുടെ വ്യക്തമായ മേൽവിലാസം ഞങ്ങൾക്കയച്ചുതരിക. നിങ്ങൾ ആവശ്യപ്പെടുന്ന ഏവർക്കും ഈ പുസ്തകം സൗജന്യമായി അയയ്ക്കുന്നതാണ്.

കത്തുകൾ അയക്കേണ്ട വിലാസം


VEDABHIMANI
Punnuthara
Kerala-690 516


വിദേശത്തുള്ളവർ ബന്ധപ്പെടേണ്ട വിലാസം


T. M. VARGHESE
205 Foulke Lane
Springfield, PA 19064
U.S.A